# 2022 - 23
# സാമ്പത്തിക വർഷത്തിൽ
# ഒരു ലക്ഷം സംരംഭങ്ങൾ
# ആരംഭിക്കുന്നതിനുള്ള ക്യാമ്പയിന്റെ
# ഭാഗമായി തയ്യാറാക്കിയ
# കൈപ്പുസ്തകം

## വ്യവസായ വാണിജ്യ വകുപ്പ്
## കേരള സർക്കാർ

**Printed & Published by**
Directorate of Industries & Commerce
Vikasbhavan, Thiruvananthapuram-695033

**Printed on**
March 2022




കേരള സർക്കാർ

**പിണറായി വിജയൻ**

മുഖ്യമന്ത്രി


നം. 222/പ്രസ്/സി.എം.ഒ/22. 12 ഏപ്രിൽ, 2022

## സന്ദേശം

സമാനതകളില്ലാത്ത വികസന പാതയിലൂടെയാണ് കേരളം ഇപ്പോൾ സഞ്ചരിച്ചു കൊണ്ടിരിക്കുന്നത്. വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങി വിവിധ ജീവിതസൂചികകളിൽ ദേശീയതലത്തിൽ ഒന്നാമതെത്തിയ നമ്മുടെ കൊച്ചുസംസ്ഥാനം ഇൻഫർമേഷൻ ടെക്നോളജിയിലും വലിയ മുന്നേറ്റമാണ് നടത്തിവരുന്നത്.

വ്യാവസായിക മേഖലയുടെ പ്രോത്സാഹനത്തിനായി വലിയ ഇടപെടലാണ് സർക്കാർ നടത്തിവരുന്നത്. 'എന്റെ സംരംഭം നാടിന്റെ അഭിമാനം' എന്ന മുദ്രാവാക്യമുയർത്തി 2022-23 സാമ്പത്തികവർഷം സംരംഭക വർഷമായി ആചരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഈ ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന്റെ ഭാഗമായി 'നിങ്ങൾക്കും സംരംഭകരാകാം' എന്ന പേരിൽ വ്യവസായ വകുപ്പ് പ്രസിദ്ധീകരിക്കുന്ന കൈപുസ്തകം സംരംഭകർക്ക് ഏറെ ഉപകാരപ്രദമാകുമെന്ന് പ്രതീക്ഷിക്കുന്നു.

എല്ലാ ഭാവുകങ്ങളും നേരുന്നു.

**പിണറായി വിജയൻ**


141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവണ്മെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം പിൻ 695 001
ഫോ 0471 2333241, 2333812, 2333610 ഫാ 0471 2333489 ഇ chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
**വസതി** ക്ലിഫ് ഹൗസ് ഫോ 0471 2318406, 2314853
**www.keralacm.gov.in**




**പി. രാജീവ്**

നിയമം-വ്യവസായം-കയർ
വകുപ്പ് മന്ത്രി
കേരള സർക്കാർ


തിരുവനന്തപുരം
തീയതി......12.04.2022......

## സന്ദേശം

വിജ്ഞാന സമ്പദ്ഘടനയിലേക്കുള്ള കേരളത്തിന്റെ വികാസത്തിന് അടിസ്ഥാനമൊരുക്കുന്നതും നാളിതുവരെയുള്ള വ്യാവസായിക വളർച്ചയിൽ ഗുണപരമായ കുതിച്ചുചാട്ടം സൃഷ്ടിക്കുന്നതുമായ ഒരു പദ്ധതിക്കാണ് സംരംഭക വർഷത്തിലൂടെ വ്യവസായ വകുപ്പ് രൂപം നൽകിയിരിക്കുന്നത്. 2022-23 സാമ്പത്തിക വർഷം സംരംഭക വർഷമായി ആചരിച്ചുകൊണ്ട് ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതിനാണ് വ്യവസായ വകുപ്പ് ലക്ഷ്യമിടുന്നത്.

കേരളത്തിന്റെ സവിശേഷതകൾക്കനുസൃതമായി മികച്ച പ്രകടനം കാഴ്ച്ചവെയ്ക്കാൻ കഴിയുന്ന ഉൽപാദന മേഖലകളിൽ നമുക്ക് ഒന്നാമതെത്തിയേ മതിയാവൂ. ഇതിലേയ്ക്കുള്ള വഴികളാണ് നിങ്ങൾക്കും സംരംഭകരാകാം എന്ന കൈപുസ്തകം വിശദമാക്കുന്നത്. നമ്മുടെ വ്യവസായിക അന്തരീക്ഷത്തെപ്പറ്റി ഗവേഷണ ബുദ്ധിയോടുകൂടി നിരീക്ഷിക്കുകയും, അതിലൂടെ ലഭിച്ച വിവരങ്ങളെ വളരെ ശാസ്ത്രീയമായി തരംതിരിക്കുകയും വ്യക്തമായതും വ്യത്യസ്ഥമായതുമായ തലക്കെട്ടുകൾക്കു താഴെയായി അവയെ ക്രോഡീകരിക്കുകയുമാണ് ഈ പുസ്തകത്തിലൂടെ ചെയ്തിട്ടുള്ളത്.

നാടിന്റെ വളർച്ചയ്ക്കും വികസനത്തിനും സംരംഭകങ്ങൾ വേണം. ഇതിന് സംരംഭകത്വം പ്രോത്സാഹിപ്പിക്കണം. സംരംഭകരെ കൈപിടിച്ചുയർത്തണം. ഇക്കാര്യങ്ങളെ സംബന്ധിച്ച എല്ലാ വിവരങ്ങളും വളരെ ശ്രദ്ധയോടുകൂടി ലളിതമായി ഈ കൈപുസ്തകത്തിൽ അവതരിപ്പിച്ചിട്ടുണ്ട്. ഒരു സംരംഭകന് സമ്പൂർണ്ണ സംതൃപ്തി നൽകാൻ ഈ കൈപുസ്തകത്തിന് കഴിയുമെന്നുറപ്പാണ്.

**പി. രാജീവ്**


ഓഫീസ് : സെക്രട്ടേറിയറ്റ് നോർത്ത് സാൻഡ്‌വിച്ച് ബ്ലോക്ക്, മൂന്നാം നില, റൂം നമ്പർ-301
ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-695 001

*വസതി : "ഉഷസ്സ്", നന്തൻകോട്, തിരുവനന്തപുരം-695 003*

ഫോൺ (ഓ.) : 0471-2336866, 2336966 മൊബൈൽ : 9400077333

ഇ-മെയിൽ : min.ind@kerala.gov.in, min.law@kerala.gov.in



സുമൻ ബില്ല ഐ.എ.എസ്
പ്രിൻസിപ്പൽ സെക്രട്ടറി
വ്യവസായ വകുപ്പ്

# സന്ദേശം

സംസ്ഥാനത്തെ ബിസിനസ് സൗഹാർദ്ദപരമായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും നിക്ഷേപകർക്ക് അനുകൂലമായ സാഹചര്യം സൃഷ്ടിക്കാനും കേരള സർക്കാർ മാതൃകാരപമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇപ്പോൾ കേരളത്തിൽ സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് പലവിധ ഓഫീസുകൾ കയറിയിറങ്ങാതെ ഏകീകൃത പ്ലാറ്റ്ഫോം ആയ കെ-സ്വിഫ്റ്റ് വഴി വിവിധ വകുപ്പുകളുടെ അനുമതികൾക്കുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനും അനുമതികൾ ലഭ്യമാക്കാനും കഴിയുന്നതാണ്. സംസ്ഥാന സർക്കാരിന്റെ സംരംഭ സൗഹൃദ നടപടികൾ മെച്ചപ്പെടുത്തുന്നതിനായി സംരംഭകരും സർക്കാരും തമ്മിലുള്ള ആശയ വിനിമയം മെച്ചപ്പെടുത്തുന്നതിനായി 1800 890 1030 എന്ന ടോൾ ഫ്രീ കാൾ സേവനവും സജ്ജീകരിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം സംരംഭക വർഷമായി ആചരിച്ചുകൊണ്ട് വിവിധ വകുപ്പുകളുടെ സംയോജനത്തോടെ ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുക എന്ന ലക്ഷ്യത്തോടെ വ്യവസായ വകുപ്പ് മുന്നോട്ട് പോവുകയാണ്. ഇതിന്റെ ഭാഗമായി വ്യവസായ വകുപ്പ് തയ്യാറാക്കിയിരിക്കുന്നതാണ് ഈ കൈപ്പുസ്തകം

“നിങ്ങൾക്കും സംരംഭകരാകാം” എന്ന കൈപ്പുസ്തകം സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ, സാക്ഷാത്ക്കരിക്കപ്പെടാത്ത ആശയങ്ങൾ മനസ്സിൽ സൂക്ഷിക്കുന്ന എല്ലാവർക്കും പ്രയോജനപ്പെടുന്ന ഒരു പ്രസിദ്ധീകരണമാണ് എന്ന് ആദ്യമേ പറയട്ടെ. വ്യവസായ സംരംഭകർക്ക് വളരെ നല്ല ഒരു അന്തരീക്ഷമാണ് സംസ്ഥാനത്തിപ്പോൾ ഉള്ളത്. ഒരു സംരംഭകന് പുതിയൊരു പ്രസ്ഥാനത്തിലേക്ക് വലതുകാൽ വെച്ചിറങ്ങാൻ എന്തൊക്കെ അനിവാര്യമാണോ അവയൊക്കെ ഒരു കുടക്കീഴിൽ ഒതുക്കാൻ സംസ്ഥാന വ്യവസായ വകുപ്പിനു കഴിഞ്ഞിട്ടുണ്ട്. പ്രഥമാപേക്ഷ മുതൽ വിപണന സംവിധാനങ്ങൾ വരെയുള്ള

സേവനങ്ങൾ ഓരോ സംരംഭകനും പ്രദാനം ചെയ്യാൻ കഴിയുന്ന രീതിയിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ വ്യവസായ വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്. സംസ്ഥാനത്തെ വിവിധ ജില്ലകളിലെ സംരംഭക അന്തരീക്ഷത്തെപ്പറ്റി വ്യക്തമായി നിരീക്ഷിക്കുകയും അതിലൂടെ ലഭിച്ച വിവരങ്ങളെ വളരെ ശാസ്ത്രീയമായി തരംതിരിക്കുകയും വ്യക്തമായതും വ്യത്യസ്ഥമായതുമായ തലക്കെട്ടുകൾക്കു താഴെയായി അവയെ ക്രോഡീകരിയ്ക്കുകയുമാണ് ഈ പുസ്തകത്തിലൂടെ നിർവ്വഹിച്ചിട്ടുള്ളത്. ഇതൊരു വലിയ നേട്ടമാണ്.

സംസ്ഥാനത്തിന്റെ വികസിതമായ സമ്പദ് വ്യവസ്ഥയ്ക്ക് ഏറെ സംരംഭങ്ങൾ ഉയർന്നു വരണം അതിന് സംരംഭകത്വം വളർത്തിയെടുക്കണം, സംരംഭകരെ പ്രോത്സാഹിപ്പിയ്ക്കണം. ഈ മഹത്തായ ലക്ഷ്യമാണ് ഇത്തരമൊരു പുസ്തകരചനയിലേക്കു നയിച്ചത്. പതിനാലു ജില്ലകളിലെയും വ്യവസായ വാണിജ്യ വകുപ്പിലെ വിദഗ്ധർ ഈ സദ്സംരംഭത്തിന്റെ പിന്നിൽ പണിയെടുത്തിട്ടുണ്ട്. അവർ തീർച്ചയായും അഭിനന്ദനം അർഹിക്കുന്നു. ഉപഭോക്തൃ കേരളം വ്യവസായ കേരളമായും ഉല്പാദകരുടെ "ഹബ്ബ് " ആയും മാറുവാൻ ഈ ഒരു പുസ്തകം ഒരു നിമിത്തമായി മാറട്ടെ. ആശംസകൾ.



ശ്രീ. എപിഎം മുഹമ്മദ് ഹനീഷ് ഐഎഎസ്
പ്രിൻസിപ്പൽ സെക്രട്ടറി (വ്യവസായം)

## സന്ദേശം

സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് നടപ്പിലാക്കി വരുന്നു. ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്നും സംരംഭകരെ കണ്ടെത്തുന്നതിൽ ജനപ്രതിനിധികൾക്ക് വലിയൊരു പങ്ക് വഹിക്കാനുണ്ട്. ഈയൊരു ലക്ഷ്യത്തോടെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും വ്യവസായ വികസന ഓഫീസർമാരുടെ നേതൃത്വത്തിൽ വകുപ്പിന്റെ പദ്ധതികളെ സംബന്ധിച്ചുള്ള ബോധവൽക്കരണ പരിപാടി നടത്തി വരുന്നു. ഇതുവഴി കണ്ടെത്തുന്ന സംരംഭകർക്കു സംരംഭകത്വ ബോധവത്കരണ സെമിനാറുകൾ, ജില്ലാ അടിസ്ഥാനത്തിലുള്ള സംരംഭകത്വ വികസന പരിശീലനങ്ങൾ, ടെക്നോളജി ക്ലിനിക്കുകൾ, മാനേജ്മെന്റിലും, സാങ്കേതിക വിദ്യയിലും പരിശീലനം നല്കുന്നതിനായി ടെക്നോളജി മാനേജ്മെന്റ് ഡെവലപ്പ്മെന്റ് പ്രോഗ്രാമുകൾ മുതലായവ സംഘടിപ്പിക്കുന്നു. കൂടാതെ എറണാകുളം, കളമശ്ശേരിയിൽ സ്ഥിതിചെയ്യുന്ന കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രെണർഷിപ്പ് ഡെവലപ്മെന്റ് (KIED) ന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി സംരംഭകത്വത്തിന്റെ വിവിധ മേഖലകളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിവിധ ഇനംപരിശീലന പരിപാടികളും നടപ്പിലാക്കി വരുന്നുണ്ട്.

സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭ മേഖലയിൽ ഉൽപ്പാദനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികളും വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നല്കുന്നതിലുപരി

സംരംഭകർക്ക് ആവശ്യമായ വിവിധ സേവനങ്ങളും, ഉപദേശങ്ങളും നല്കുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പിൻറെ പ്രവർത്തനം മാറിക്കൊണ്ടിരിക്കുന്നു. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നല്കിയും, വ്യവസായം തുടങ്ങാന് ആവശ്യമായ അനുമതികൾ സമയബന്ധിതമായി നല്കുകയും വഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റികൊണ്ടിരിക്കുന്നു. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഒരു സംരംഭത്തിനാവശ്യമായ എല്ലാ ലൈസൻസുകളും ക്ലിയറൻസുകളും ഓൺലൈൻ ഏക ജാലക സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് പുതിയ സോഫ്റ്റ് വെയർ K-SWIFT പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. യുവജനങ്ങളിൽ സംരംഭക സംസ്കാരം വികസിപ്പിക്കുന്നതിനായി സ്കൂൾ, കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും അവയ്ക്ക് സംരംഭകവികസന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള സാമ്പത്തികസഹായം നല്കുകയും ചെയ്യുന്നു.

2022-23 സാമ്പത്തിക വർഷം സംരംഭക വർഷമായി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണം, സഹകരണം, കൃഷി, മൃഗസംരക്ഷണം, ഫിഷറീസ്, ടൂറിസം, നോർക്ക മുതലായ വകുപ്പുകളുടെ സംയോജനത്തോടെ ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വിവിധ കർമ്മ പദ്ധതികൾ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ച് വരുന്നുണ്ട്. സംസ്ഥാനത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നടത്തുന്ന ക്യാമ്പയിന്റെ ഭാഗമായി തയ്യാറാക്കുന്ന "നിങ്ങൾക്കും സംരംഭകരാകാം" എന്ന ഈ കൈപ്പുസ്തകം സംസ്ഥാനത്തെ പുതിയ സംരംഭകർക്ക് തികച്ചും പ്രയോജനപ്പെടുന്ന ഒരു പ്രസിദ്ധീകരണമാണ്. സംരംഭകരെ പ്രോത്സാഹിപ്പിയ്ക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കിയിരിക്കുന്ന ഈ കൈപ്പുസ്തകത്തിന്റെ രചനയ്ക്ക് പിന്നിൽ പ്രവർത്തിച്ചിട്ടുള്ള എല്ലാ ഉദ്യോഗസ്ഥരെയും അഭിനന്ദിക്കുന്നതോടൊപ്പം സംരംഭക വർഷത്തിന്റെ ഭാഗമായി പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ മുന്നോട്ടു വരുന്ന സംരംഭകർക്ക് എല്ലാ വിധ ആശംസകളും നേരുന്നു.



എസ്. ഹരികിഷോർ  ഐ.എ.എസ്
ഡയറക്ടർ
വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്

# സന്ദേശം

പരിസ്ഥിതിയെ സംരക്ഷിച്ചു കൊണ്ട് കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റാനുള്ള പ്രയാണത്തിലാണ് കേരളാ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്. തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുകയും പ്രാദേശിക വിഭവങ്ങളുടെ ഉപയോഗക്ഷമത ഉറപ്പു വരുത്തുകയും ചെയ്തു കൊണ്ട് സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക എന്ന നയത്തിലൂന്നിയാണ് വ്യവസായ വകുപ്പ്  പ്രവർത്തിക്കുന്നത്. വ്യവസായ വകുപ്പ് വഴി നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളായ സംരംഭ സഹായ പദ്ധതി (ESS), കേന്ദ്ര ഭക്ഷ്യ വ്യവസായ മന്ത്രാലയത്തിന്റെ പദ്ധതിയായ PMFME (Prime Minsters Formalization ഓഫ് Micro Food Processing Enterprises), മാർജിൻ മണി ഗ്രാന്റ് പദ്ധതി തുടങ്ങിയവയെല്ലാം തന്നെ ഈ ലക്ഷ്യം നിറവേറ്റുന്നതിനുള്ളവയാണ്.

സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് നടപ്പിലാക്കി വരുന്നുണ്ട്. ബ്ലോക്കടിസ്ഥാനത്തിൽ സംരംഭകത്വ ബോധവത്കരണ സെമിനാറുകൾ, താലൂക്ക് - ജില്ലാ അടിസ്ഥാനത്തിൽ നിക്ഷേപ സംഗമങ്ങൾ, ജില്ലാഅടിസ്ഥാനത്തിലുള്ള സംരംഭകത്വ വികസന പരിശീലനങ്ങൾ എന്നിവ അതിൽ  ഉൾപ്പെടുന്നു. നിലവിലുള്ള സംരംഭങ്ങളുടെ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനായി ടെക്നോളജി ക്ലിനിക്കുകളും, മാനേജ്മെൻറിലും, സാങ്കേതിക വിദ്യയിലും പരിശീലനം നൽകുന്നതിനായി ടെക്നോളജി മാനേജ്മെൻറ് ഡെവലപ്പ്മെൻറ് പ്രോഗ്രാമുകളും സംഘടിപ്പിക്കുന്നു.

ബാങ്കിങ്, ലൈസൻസുകളും അനുമതികളും, പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ, കയറ്റുമതി, ജി എസ ടി, നിയമം, മാർക്കറ്റിങ്ങ്, സാങ്കേതിക വിദ്യ തുടങ്ങിയ മേഖലകളിൽ സംരംഭകരുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ ഉപദേശങ്ങൾ

നൽകുന്നതിനുമായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ എം. എസ്. എം. ഇ ക്ലിനിക്കുകൾ എന്ന സംവിധാനം ആരംഭച്ചിട്ടുണ്ട്. ഇതിനായി ഓരോ ജില്ലകളിലും വിവിധ മേഖലകളിൽ പ്രാഗൽഭ്യം തെളിയിച്ച തും സംരംഭകരുടെ സംശയങ്ങൾ ദൂരീകരിക്കാൻ പ്രാപ്തരായവരുമായ വിദഗ്തരുടെ ഒരു പാനൽ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ സംശയങ്ങളുമായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ എത്തുന്ന സം രംഭകരെ സംശയം ദുരീകരിക്കുന്നതിന് ഏറ്റവും അനുയോജ്യനായ പാനലിസ്റ്റുമായി കൂടികാഴ്ചയ്ക്കും സംശയദുരീകരണത്തിനും ജില്ലാ വ്യ വസായ കേന്ദ്രം മുഖാന്തിരം സൗകര്യം ചെയ്തു കൊടുക്കുന്നതാണ്.

എല്ലാ താലൂക്ക് വ്യവസായ ഓഫീസുകളിലും റിസോഴ്സ് പേഴ്സണെ നിയമിച്ചു കൊണ്ട് MSME ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാ റ്റുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ 2022-23 സാമ്പ ത്തിക വർഷം സംരംഭക വർഷമായി പ്രഖ്യാപിച്ചുകൊണ്ട് വിവിധ വകുപ്പുകളുടെ സംയോജിച്ചുള്ള പ്രവർത്തനത്തിലൂടെ സംസ്ഥാന ത്ത് ഒരു ലക്ഷം സംരംഭങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തന ങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ സംയോജിച്ചുള്ള പ്രവർത്തനത്തിലൂടെ പ്രസ്തുത സാമ്പത്തിക വർഷം സംസ്ഥാനത്ത് ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണസ്ഥാപന തലത്തിൽ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി 1155 ഇന്റേ ണുകളെ നിയമിക്കുന്നതാണ്. കൂടാതെ സംരംഭം ആരംഭിക്കുന്നവർ ക്ക് കേരളാ ബാങ്ക് വഴി കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കു ന്നതിനുള്ള പദ്ധതിയും ആവിഷ്ക്കരിക്കുന്നതാണ്.

സംരംഭകത്വത്തിലൂന്നി സമ്പദ് വ്യവസ്ഥയുടെ വളർച്ച എന്ന ലക്ഷ്യ ത്തോടെ മുന്നോട്ടുള്ള പ്രയാണത്തിലാണ് സംസ്ഥാന വ്യവസായ വകുപ്പ്. ആയതിലേക്കുള്ള ഒരു കാൽവയ്പ്പായി വേണം "നിങ്ങ ൾക്കും സംരംഭകരാകാം" എന്ന ഈ കൈപ്പുസ്തകത്തെ കാണുവാൻ. ത്വരിതഗതിയിലുള്ള വ്യവസായ വികസനമാണ് സംസ്ഥാനത്തിന് ആവശ്യം. ദേശീയ വരുമാനത്തിലും പ്രതിശീർഷ വരുമാനത്തിലുമു ള്ള വളർച്ചയാണല്ലോ വികസത്തിന്റെ സൂചികകളിൽ പ്രഥമ സ്ഥാന ത്തു നിൽക്കുന്നത്. വ്യക്തിഗത വരുമാനം വർദ്ധിച്ചാൽ മാത്രമേ സാ മൂഹ്യവരുമാനം ഉയരുകയുള്ളൂ. ഇതിലൂടെ ഉപഭോഗം വർദ്ധിക്കും.

കൂടുതൽ പണം വിപണിയിലെത്തുമ്പോൾ അതു ഉൽപ്പാദന പ്രക്രിയയുടെ ഗതിയും വേഗത്തിലാക്കും ഇതിലൂടെ ദേശീയ വരുമാനവും ഉയരും ധനതത്വശാസ്ത്രത്തിലെ ഈ പാഠങ്ങൾക്കൊപ്പം സംരംഭത്വ വികസനം ലക്ഷമാക്കിയാണ് നാം നീങ്ങുന്നത് ഇതിനൊരു വഴികാട്ടിയാണ് ഈ കൈപ്പുസ്തകം.

വളരെ ആഴത്തിൽ പഠിച്ച ശേഷം തയ്യാറാക്കപ്പെട്ട ഒരു പുസ്തകമായി വേണം ഇതിനെ  കാണാൻ. വ്യവസായ വികസനം ലക്ഷ്യമിട്ടുള്ള സർക്കാരിന്റെ പദ്ധതിളെപറ്റി ഈ കൈപ്പുസ്തകം വായനക്കാർക്ക് അവബോധം ഉണ്ടാക്കുന്നു. ഈ പുസ്തകത്തിന്റെ അവതരണശൈലി ഏറെ ആകർഷണീയമാണ്. വളരെ ലളിതമായ തയ്യാറാക്കപ്പെട്ട ഈ പുസ്തകം നാളത്തെ വ്യവസായ കുതിപ്പിന് ചാലകശക്തിയായി മാറുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

ഈയൊരു സംരംഭത്തിനു പിന്നിൽ പ്രവർത്തിച്ച ഊർജ്ജ സ്വലരുടെ ടീമിനെ അഭിനന്ദിയ്ക്കുന്നു. ഒപ്പം ആശംസകളും നേരുന്നു.

# ഉള്ളടക്കം


| ക്രമ നം. | ഭാഗങ്ങൾ | പേജ് നം. |
|---|---|---|
| I | ആമുഖം | 19 |
| II | ജില്ലയിലെ സംരംഭക സാധ്യതാ മേഖലകൾ | 25 |
| | തിരുവനന്തപുരം | 25 |
| | കൊല്ലം | 31 |
| | പത്തനംതിട്ട | 37 |
| | ആലപ്പുഴ | 41 |
| | കോട്ടയം | 49 |
| | ഇടുക്കി | 53 |
| | എറണാകുളം | 57 |
| | തൃശ്ശൂർ | 63 |
| | പാലക്കാട് | 69 |
| | മലപ്പുറം | 75 |
| | കോഴിക്കോട് | 79 |
| | വയനാട് | 85 |
| | കണ്ണൂർ | 91 |
| | കാസറഗോഡ് | 97 |
| III | ലൈസൻസ്/അനുമതികൾക്കുള്ള നടപടിക്രമങ്ങൾ | 101 |
| IV | ലൈസൻസുമായി ബന്ധപ്പെട്ടു സംരംഭകർക്ക് ഉണ്ടാകാവുന്ന സംശയങ്ങൾ | 114 |
| V | വിവിധ വകുപ്പുകൾ/ ഏജൻസികൾ വഴിയുള്ള പദ്ധതികൾ | 117 |
| VI | നിങ്ങളുടെ സംരംഭത്തിനു അനുയോജ്യമായ പദ്ധതികൾ തെരഞ്ഞെടുക്കുന്നതിനുള്ള സൂചകം | 119 |
| VII | പദ്ധതികളുമായി ബന്ധപ്പെട്ടു സംരംഭകർക്ക് ഉണ്ടാകാനിടയുള്ള സംശയങ്ങൾ | 143 |
| VIII | ബന്ധപ്പെടേണ്ട പ്രധാന ഫോൺ നമ്പറുകൾ | 145 |

| വിവിധ വകുപ്പുകൾ/ ഏജൻസികൾ വഴിയുള്ള പദ്ധതികൾ - ഉള്ളടക്കം | | | | |
|---|---|---|---|---|
| ക്രമ നം. | വകുപ്പ്/ ഏജൻസിയുടെ പേര് | പദ്ധതിയുടെ പേര് | പദ്ധതിയുടെ ക്രമ നം. | പേജ് നം. |
| 1 | വ്യവസായ വാണിജ്യ വകുപ്പ് | നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മാണി ഗ്രാന്റ് | 1 | 121 |
| | | പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി (PMEGP) | 2 | 121 |
| | | സംരംഭകസഹായ പദ്ധതി (ഇ.എസ്.എസ്) | 3 | 122 |
| | | ആശ (ASHA- Assistant Scheme For Handicraft Artisans) | 4 | 123 |
| | | നാനോ സംരംഭങ്ങൾക്കുള്ള പലിശ സഹായ പദ്ധതി | 5 | 123 |
| | | പി.എം.എഫ്.എം.ഇ (PMFME-PM Formalization of Micro Food Processing Enterprises) | 6 | 123 |
| 2 | ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് (KVIB) | എന്റെ ഗ്രാമം പദ്ധതി | 7 | 124 |
| 3 | കുടുംബശ്രീ | റൂറൽ മൈക്രോ എന്റർപ്രൈസസ് | 8 | 124 |
| | | യുവശ്രീ | 9 | 124 |
| 4 | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | കെസ്രു (KESRU) | 10 | 125 |
| | | മൾട്ടി പർപ്പസ് ജോബ് ക്ലബ്ബ് | 11 | 125 |
| | | ശരണ്യ പദ്ധതി | 12 | 125 |
| | | കൈവല്യ പദ്ധതി | 13 | 125 |
| | | നവ ജീവൻ പദ്ധതി | 14 | 126 |

| | | | | |
|---|---|---|---|---|
| 5 | കേരള പിന്നാക്ക വിഭാഗ വികസന കോർപറേഷൻ | ദേശീയ പിന്നാക്ക വിഭാഗ വികസന കോർപറേഷന്റെയും ദേശീയ ന്യുന പക്ഷ വികസന കോർപറേഷന്റെയും സഹായത്തോടെയുള്ള വായ്പ്പാ പദ്ധതി | 15 | 126 |
| | | പ്രവർത്തന മൂലധന വായ്പ്പ | 16 | 127 |
| | | ബിസിനസ് ഡവലപ്മെന്റ് ലോണ് | 17 | 127 |
| | | പ്രൊഫഷണലുകൾക്കുള്ള സ്റ്റാർട്ട്അപ്പ് വായ്പ്പ | 18 | 127 |
| 6 | കേരള സംസ്ഥാന ന്യുന പക്ഷ വികസന കോർപ്പറേഷൻ | ന്യൂനപക്ഷങ്ങൾക്കുള്ള സ്വയം തൊഴിൽ വായ്പ്പാ | 19 | 128 |
| | | ക്രെഡിറ്റ് ലൈൻ 1 | 20 | 128 |
| | | ക്രഡിറ്റ് ലൈൻ 2 | 21 | 128 |
| | | ബിസിനസ് ഡവലപ്മെൻറ് ലോൺ | 22 | 129 |
| 7 | നോർക്ക (NORKA-NON RESIDENT KERALITES AFFAIRS DEPARTMENT) | പ്രവാസികളുടെ പുനരധിവാസത്തിനായി നോർക്ക നടപ്പിലാക്കുന്ന സ്വയം തൊഴിൽ പദ്ധതികൾ. | 23 | 129 |
| 8 | പട്ടിക ജാതി വികസന വകുപ്പ് | സ്വയം തൊഴിൽ പദ്ധതി | 24 | 131 |
| 9 | പട്ടിക ജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ | സ്വയം തൊഴിൽ പദ്ധതി | 25 | 131 |
| | | സ്വയം തൊഴിലിനു വാഹനം വാങ്ങുന്ന പദ്ധതി | 26 | 131 |
| | | മൾട്ടി പർപ്പസ് യുണിറ്റ് ലോൺ | 27 | 131 |
| | | ലഘു വ്യവസായ യോജന | 28 | 132 |
| | | ലോൺ ഫോർ ട്രൈബൽ എന്റർപ്രണർ | 29 | 132 |
| | | ലോണ് ഫോർ സ്റ്റാർട്ട് അപ്പ് എന്റർപ്രണർ | 30 | 132 |

| | | | | |
|---|---|---|---|---|
| 10 | കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ (KFC) | ടേം ലോൺ | 31 | 132 |
| | | വർക്കിങ്ങ് ക്യാപ്പിറ്റൽ ലോൺ | 32 | 132 |
| | | മോഡേണൈസേഷൻ സ്കീം | 33 | 132 |
| | | ഷോർട്ട് ടേം ലോൺ | 34 | 133 |
| | | സ്റ്റാർട്ടപ്പ് ലോൺ | 35 | 133 |
| | | വ്യവസായ എസ്റ്റേറ്റ് സ്പെഷ്യൽ സ്കീം | 36 | 133 |
| | | Chief Ministers Entrepreneurship Development Programme (CMEDP) | 37 | 133 |
| 11 | കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെൻറ് കോർപ്പറേഷൻ (KSIDC) | മുഖ്യ മന്ത്രിയുടെ പ്രത്യേക സഹായ പദ്ധതി | 38 | 133 |
| | | വി മിഷൻ | 39 | 133 |
| | | സീഡ് ഫണ്ടിങ്ങ് | 40 | 133 |
| 12 | സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യ(SIDBI) | യന്ത്രങ്ങൾ വാങ്ങുന്നതിനുള്ള സഹായം | 41 | 134 |
| 13 | കേരളാ സ്റ്റാർട്ടപ്പ് മിഷൻ | ഇന്നോവേഷൻ ഗ്രാന്റ് | 42 | 134 |
| | | സീഡ് ഫണ്ട് | 43 | 134 |
| 14 | വാണിജ്യ ബാങ്കുകൾ | സ്റ്റാൻഡ് അപ് ഇന്ത്യ | 44 | 134 |
| | | മുദ്ര ലോൺ | 45 | 134 |
| | | PM Street Vendor□s AtmaNirbhar Nidhi (PM SVANidhi) | 46 | 135 |
| | | Deendayal Antyodaya Yojana-National Urban Livelihoods Mission (DAY NULM) | 47 | 135 |
| | | Agri-Clinics and Agri Business Centres□ Scheme (ACABC) | 48 | 135 |
| | | Agriculture Marketing Infrastructure | 49 | 136 |
| | | Agriculture Infrastructure Fund | 50 | 136 |

| | | | | |
|---|---|---|---|---|
| 15 | Department for Promotion of Industry and Internal Trade (DPIIT) | സ്റ്റാർട്ട് അപ്പ് ഇന്ത്യ | 51 | 137 |
| 16 | KERALA BANK | കെ.ബി മിത്ര എം.എസ്. എം.ഇ ലോൺ | 52 | 137 |
| | | കെ.ബി സുവിധ എം.എസ്. എം.ഇലോൺ | 53 | 137 |
| 17 | നാഷണൽ സ്മാൾ ഇൻഡസ്ട്രീസ് കോർപറേഷൻ (എൻ.എസ്.ഐ .സി) | അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള ക്രെഡിറ്റ് ഫെസിലിറ്റി | 54 | 137 |
| 18 | വനിതാ വികസന കോര്പ്പ്റേഷൻ | സ്വയം സഹായ സംഘങ്ങൾ ക്കുള്ള മൈക്രോ ഫിനാൻസി ങ് പദ്ധതി | 55 | 137 |
| | | മുന്നാക്ക വിഭാഗങ്ങൾക്കുള്ള പദ്ധതി | 56 | 137 |
| 19 | ക്ഷീര വികസന വകുപ്പ് | തീറ്റപ്പുൽ കൃഷിക്കുള്ള ധന സഹായം | 57 | 138 |
| | | കറവപ്പശു യുണിറ്റ് | 58 | 138 |
| | | കിടാരി വളര്ത്ത ൽ യുണിറ്റി ന ധനസഹായം | 59 | 138 |
| 20 | സംസ്ഥാനഹോർ ട്ടികൾച്ചർമിഷൻ | വിവിധവായ്പാബന്ധിതപദ്ധ തികൾ | 60 | 138 |
| 21 | മൃഗസംരക്ഷണ വകുപ്പ് | സംസ്ഥാന മൃഗ സംരക്ഷണ വകുപ്പ് വഴി നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ | 61 | 141 |
| 22 | ഫിഷറീസ് വകുപ്പ് | സംസ്ഥാന ഫിഷറീസ് വകുപ്പ് വഴി നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ | 62 | 142 |
| | | സൊസൈറ്റി ഫോർ അസി സ്റ്റൻസ് ടു ഫിഷർവിമെൻ (സാഫ്) വഴി നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ | 63 | 142 |

# ആമുഖം

ജീവിതം എന്നത് തെരഞ്ഞെടുപ്പുകളുടെ റിസൾട്ട് ആണ്. ഇന്ന് നമ്മൾ എടുക്കുന്ന തീരുമാനങ്ങളാണ് നാളെയുടെ നാളുകളിൽ നമ്മൾ എവിടെ ആയിരിക്കുമെന്ന് നിശ്ചയിക്കുന്നത്. മനുഷ്യർക്ക് പിറന്ന് വീണ കുടുംബമോ, മാതാ പിതാക്കളെയോ സ്വന്തം പേരോ പോലും സ്വന്തമായി തെരഞ്ഞെടുക്കുവാൻ അവകാശമില്ലാത്ത ഈ ലോകത്ത് പക്ഷേ സ്വന്തം കരിയർ സ്വന്തമായി തെരഞ്ഞെടുക്കുവാൻ കഴിയും. കേരളത്തിൽ ഭൂരിഭാഗവും ഈ കരിയർ ഏതെങ്കിലുമൊരു ജോലിയാവണമെന്നാഗ്രഹിക്കുമ്പോൾ ചിലരാവട്ടെ അതൊരു സം രംഭമാവണം എന്നാഗ്രഹിക്കുന്നു. സ്വന്തമായി സ്ഥിര വരുമാനമുള്ള ഒരു ജോലിയെന്ന പരമ്പരാഗത കരിയർ സ്വപ്നങ്ങളിൽ നിന്നും ഇന്ന് കേരളീയ യുവത്വം സ്വന്തമായി ഒരു സംരംഭം ആരംഭിക്കണമെന്ന തലത്തിലേക്ക് തങ്ങളുടെ കാഴ്ചപ്പാടുകൾ മാറ്റിയിരിക്കുന്നുവെന്നത് കേരളത്തെ സംബന്ധിച്ച് ആശാവഹമാണ്.

ഇന്ത്യയിൽ നാം ഉപയോഗിക്കുന്ന ഉൽപ്പന്നങ്ങളിൽ ആറായിരത്തിലധി കവും ഇവിടുത്തെ ചെറുകിട വ്യവസായ മേഖലയുടെ സംഭാവനയാണ്.

## സംരംഭകത്വത്തിന്റെ പ്രസക്തി എന്താണ്

സ്ഥിര വരുമാനമുള്ള ഒരു ജോലി എന്നതിലപ്പുറം സ്വന്തമായി ഒരു സംരംഭം എന്നതിന് പ്രസക്തി ഏറെയാണ്. എന്നാൽ ഭൂരിഭാഗം മലയാളികൾക്കും എല്ലാ പരിപാടിയും നഷ്ടപ്പെടുമ്പോഴുള്ള അവസ നാത്തെ അത്താണിയാണ് സംരംഭകത്വം. എന്നാൽ അതിലുമെത്രയോ മൂല്യമുള്ളയൊന്നാണ് സംരംഭകത്വം. ഒരാൾ ഒരു സംരംഭകനായി മാറേണ്ടതിന് പ്രസക്തമായ 3 കാരണങ്ങൾ ഉണ്ട്.

1. വ്യക്തിപരമായ സാമ്പത്തിക ഉന്നമനത്വം. – ഒരിക്കലും സർക്കാർ തലത്തിലോ ഒരു സ്വകാര്യ സ്ഥാപനത്തിലോ ഉള്ള ജോലി കൊണ്ട് ആർക്കും തന്നെ ഉയർന്ന ഒരു സാമ്പത്തിക നിലവാരത്തിലേക്ക് എത്തുവാൻ കഴിയുകയില്ല. മുന്തിയ വാഹനമോ, ഉയർന്ന നിലവാ രത്തിലുള്ള വീടോ ഉന്നതമായ ജീവിത സാഹചര്യങ്ങളോ ആണ് ലക്ഷ്യമെങ്കിൽ പോകേണ്ടുന്ന പാത സംരംഭകത്വത്തിന്റേതാണ്.

2. തലമുറകൾക്കായുള്ള നിക്ഷേപം – എത്ര വലിയ ഉയർന്ന ഉദ്യോഗസ്ഥനായാലും അവർ വിരമിക്കുമ്പോൾ തങ്ങളുടെ മക്കളെ തൽസ്ഥാനത്ത് ഇരുത്തുവാൻ സാധ്യമല്ല. എന്നാൽ അത് ബിസിനസ്സുകാർക്ക് മാത്രം സാധിക്കുന്ന കാര്യമാണ്. തങ്ങളുടെ മാതാ പിതാക്കൾ തുടങ്ങിയതായ ബിസിനസ്സ് സാമ്രാജ്യം വിജയകരായി നടത്തിക്കൊണ്ട് പോകുന്ന എത്രയോ സംരംഭകരുണ്ടിവിടെ. നമ്മുടെ മക്കൾക്കായുള്ള നല്ലയൊരു ഇൻവെസ്റ്റ്മെന്റാണ് സംരംഭകത്വം എന്നത്.

3. നാടിന്റെ വികസനം – ഒരു വ്യക്തി സംരംഭകനായി മാറുമ്പോൾ ഒന്നിലധികം പേർക്ക് തൊഴിൽ നൽകുന്നുവെന്നതിനപ്പുറം സംഭവിക്കുന്ന മറ്റൊന്നുണ്ട്, ഒരു സംരംഭത്തിനെ അധികരിച്ച് ചുറ്റം നിരവധി സംരംഭങ്ങൾ ആരംഭിക്കുവാനുള്ള സാധ്യതയാണത്. ഇങ്ങനെയുള്ള അനുബന്ധ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കപ്പെടുന്നത് കൊണ്ട് ഒരു സംരംഭം ആരംഭിക്കുന്ന വ്യക്തി ഒരു നാടിന്റെ മുഖഛായയാണ് മാറ്റുന്നത്.

കേരളത്തിൽ ഒരു സംരംഭം ആരംഭിക്കുവാൻ സാധ്യതയുള്ള മേഖലകൾ നിരവധിയാണ്. ഭക്ഷ്യസംസംസ്കരണവും, ഗാർമെൻറ് മാനുഫാക്ച്വറിങ്ങും ഇവയിൽ മുന്നിട്ട് നിൽക്കുന്നു. ടൂറിസം രംഗംത്തും സാധ്യതകൾ ഏറെയാണ്.

### എങ്ങനെ ഒരു സംരംഭം ആരംഭിക്കാം

സ്വന്തമായി ഒരു സംരംഭം ആരംഭിക്കുവാൻ ആദ്യമായി വേണ്ടത് ആത്മവിശ്വാസം ആണ്. സാഹചര്യങ്ങളെ മനസ്സിലാക്കുവാനും അതിനനുസരിച്ച് മാറുവാനും കഴിവുള്ളവർക്കേ ഇവിടെ വിജയിക്കുവാനാകൂ. കാലഘട്ടത്തിന്റെ മാറ്റങ്ങളോട് എത്ര വേഗത്തിൽ പ്രതികരിക്കുന്നുവെന്നതാണ് പ്രധാനം. അനുകൂല സാഹചര്യവും മൂലധനവുമുണ്ടെങ്കിലും ആത്മ വിശ്വാസം ഇല്ലായെങ്കിൽ പരാജയം ആയിരിക്കും ഫലം.

എവിടെ നിന്നാണ് ഒരു സംരംഭം ആരംഭിക്കുക. ഈയൊരു ചോദ്യത്തിന് ഉത്തരം തേടുമ്പോൾ ആദ്യം നമ്മൾ മനസ്സിലാക്കേണ്ടത് സംരംഭം എത്ര തരം ഉണ്ട് എന്നാണ്. ലോകത്തിലെ ഏതൊരു സംരംഭത്തെയും നമുക്ക് 3 ഗ്രുപ്പുകളായി തിരിക്കുവാൻ കഴിയും. ഒന്ന് ഉൽപ്പാദന

വ്യവസായം. അതായത് ഒരു അസംസ്കൃത വസ്തു ഒരു ഉൽപ്പന്നമായി മാറുന്നു. ചപ്പാത്തി ഉണ്ടാക്കുന്നതോ, ഷർട്ട് ഉണ്ടാക്കുന്നതോ ഒക്കെ ഇതിന് ഉദാഹരണമാണ്. മറ്റൊന്ന് സേവന സംരംഭങ്ങൾ ആണ്. അതായത് മറ്റൊരാൾക്ക് അറിയില്ലാത്ത ഒരു ജോലി അവർക്കായി ചെയ്യുന്നതാണത്. ബ്യൂട്ടിപാർലറോ, തയ്യൽക്കടയോ ഒക്കെ ഉദാഹരണമായെടുക്കാം. എന്നാൽ ഒരു ലേഡീസ് സ്റ്റോറോ പലചരക്ക് കടയോ ഒക്കെ വരുന്നത് ട്രേഡിങ്ങ് എന്ന വിഭാഗത്തിലാണ്. സംരംഭം ആരംഭിക്കുവാൻ ആഗ്രഹിക്കുന്ന വ്യക്തി ആദ്യം ഉത്തരം കണ്ടെത്തേണ്ടത് തന്റെ സംരംഭം ഇതിലേതിലാണ് വരുന്നത് എന്നതാണ്.

ഒരു സംരംഭം ആരംഭിക്കുവാൻ ആദ്യം വേണ്ടത് എന്താണ് എന്ന ചോദ്യത്തിന് ബഹു ഭൂരിപക്ഷത്തിന്റേയും ഉത്തരം പണം എന്നതായിരിക്കും. എന്നാൽ ഒരു സംരംഭത്തിന് പ്രധാനമായും 5 M കൾ ഉണ്ട്. Men, Money, Machine, Material and Market എന്നിവയാണവ. Men എന്നാൽ സംരംഭകനും തന്റെ ജീവനക്കാരും ആണ്. Machine, Raw Material എന്നിവയും പ്രധാനപ്പെട്ടതാണ്. എന്നാൽ തന്റെ ഉൽപ്പന്നം അല്ലെങ്കിൽ സേവനം വിറ്റഴിക്കപ്പെടേണ്ട വിപണി എതാണ് എന്നത് പരമ പ്രധാനമായ ഒന്നാണ്. എത്ര പണം ഉണ്ടെങ്കിലും വിപണി ഇല്ലായെങ്കിൽ നാം പരാജയപ്പെട്ട് പോകും. ആയതിനാൽത്തന്നെ ഒരു സംരംഭത്തിന് പരമ പ്രധാനമായി വേണ്ടുന്നത് മാർക്കറ്റ് ആണ്. നമുക്ക് മാർക്കറ്റ് ചൂണ്ടിക്കാണിക്കുവാൻ കഴിഞ്ഞാൽ പണം നൽകുവാൻ ധനകാര്യ സ്ഥാപനങ്ങളുണ്ട്. സത്യത്തിൽ മാർക്കറ്റ് എന്നാൽ സംരംഭകാശയം എന്നതാണ്.

### എന്തൊക്കെ കടമ്പകൾ

### സംരംഭത്തിന്റെ ആരംഭത്തിന് നിരവധി കടമ്പകൾ ഉണ്ട്.

1. സംരംഭകാശയ രൂപവൽക്കരണമാണ് ആദ്യത്തേത്. ഒരു സംരംഭകാശയം എവിടെ നിന്നുമുണ്ടാകാം. ഒരു വസ്തുവിനെ ഉദാഹരണമായി എടുത്തു കൊണ്ട് നിരവധി ആശയങ്ങൾ രൂപപ്പെടുത്തുവാൻ കഴിയും. ഉദാഹരണമായി തുണി എടുത്താൽ അതുപയോഗിച്ച് നിരവധി ഉൽപ്പന്നങ്ങൾ ഉണ്ടാക്കുവാൻ കഴിയും. ഒപ്പം തയ്യൽക്കട പോലുള്ള സേവന സംരംഭങ്ങളോ, ടെക്സ്റ്റൈലുകൾ പോലുള്ള ട്രേഡിങ്ങ് സ്ഥാപനങ്ങളോ ആരംഭിക്കുവാൻ കഴിയും.

ഇനി സമൂഹത്തിലെ പ്രശ്നങ്ങളിലൂടെ കടന്ന് ചെന്നാൽ നിരവധി ആശയങ്ങൾ പിറവിയെടുക്കുന്നത് കാണുവാൻ കഴിയും. ഇന്ന് നമ്മൾ ഉപയോഗിക്കുന്ന ഏതൊരു ഉൽപ്പന്നവും ഏതെങ്കിലും ഒരു പ്രശ്നത്തിന്റെ പരിഹാരമാണ് എന്നതാണ് വസ്തുത. നമ്മുടെ അസംസ്കൃത വസ്തുക്കളെ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുവാൻ കഴിയും. ഇങ്ങനെ വ്യത്യസ്ത മാർഗ്ഗങ്ങളിലൂടെ ആശയം രൂപവൽക്കരിക്കുക എന്നതാണ് ആദ്യമായി ചെയ്യേണ്ടത്.

2. നിരവധി ആശയങ്ങൾ ഉരുത്തിരിഞ്ഞ് വന്നേക്കാം. ഇവയെയെല്ലാം ഒന്ന് ഷോർട്ട് ലിസ്റ്റ് ചെയ്യുകയെന്നതാണ് അടുത്തതായി ചെയ്യേണ്ടത്. പ്രായോഗികമായത് മാത്രം തെരഞ്ഞെടുക്കുക എന്ന സമീപനം നടത്തുക.

3. തെരഞ്ഞെടുത്ത ആശയങ്ങളിൽ ഒരു പ്രാഥമിക ഗവേഷണം നടത്തുകയാണ് ഇനി ചെയ്യേണ്ടത്. കൈയ്യിലുള്ള ഓരോ ആശയത്തിനും അനുയോജ്യമായ വിദഗ്ധരെ കണ്ടെത്തുകയും അവരോട് അഭിപ്രായങ്ങൾ ആരായുകയും ചെയ്യേണ്ടതുണ്ട്. ഓരോന്നിനെപ്പറ്റിയും വിപണി പഠനം നടത്തുക, ആവശ്യം വേണ്ടതായ യന്ത്രസാമഗ്രികളെപ്പറ്റി മനസ്സിലാക്കുക, അസംസ്കൃത വസ്തുക്കളെപ്പറ്റി അറിയുക, എത്രമാത്രം മൂലധനം ആവശ്യമുണ്ടെന്ന് പഠിക്കുക സാങ്കേതിക വിദ്യ ആവശ്യമായ സംരംഭങ്ങൾ ആണെങ്കിൽ അതിനെപ്പറ്റി മനസ്സിലാക്കുക തുടങ്ങിയവയെല്ലാം ചെയ്യേണ്ടതാണ്.

4. പിന്നീടാണ് ഈ ഓരോ ആശയത്തെയും സൂക്ഷ്മമായ വിലയിരുത്തേണ്ടത്. ഇതിന്റെ ആവശ്യം സമൂഹത്തിലുണ്ടോ, ഇത് സാമ്പത്തികമായി വിജയിക്കുമോ, പരിസ്ഥിതിക്ക് ഹാനികരമാണോ എന്നതൊക്കെ ചിന്തിക്കേണ്ടതുണ്ട്.

5. വ്യക്തമായ പഠനത്തിന് ശേഷം ഏറ്റവും അനുയോജ്യമായ ഒന്ന് തെരഞ്ഞെടുക്കുക എന്നതാണ് ഇനി ചെയ്യേണ്ടത്.

6. അതിന് ശേഷം ഒരു ബിസിനസ് പ്ലാൻ തയ്യാറാക്കേണ്ടതുണ്ട്. അതിൽ ബിസിനസ് ആരംഭിക്കുവാനുള്ള കാരണം, അതിന് കാരണമായ പ്രശ്നം, അതിന്റെ പരിഹാരം നമ്മൾ മുൻപിൽ കാണുന്ന വിപണി, മൂലധനം കണ്ടെത്തുവാനുള്ള മാർഗ്ഗം, മാർക്കറ്റിങ്ങ്

സ്ട്രാറ്റജി, റവന്യു മോഡൽ തുടങ്ങിയവയെല്ലാം ഉണ്ടാവണം.

7. ഇനി അറിയേണ്ടത് സബ്സിഡി സ്കീമുകളെക്കുറിച്ചാണ്. കേന്ദ്ര, സംസ്ഥാന സർക്കാരുകൾ വിവിധങ്ങളായ സബ്സിഡി സ്കീമുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. ഇതിനെക്കുറിച്ച് ഈ പുസ്ത കത്തിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്.

8. തെരഞ്ഞെടുത്ത ആശയവുമായി വിദഗ്ദരുമായി ചർച്ച നടത്തുക എന്നുള്ളതാണ് ഇനി ചെയ്യേണ്ടത്. യന്ത്രസാമഗ്രികൾ നൽകുന്ന വരുമായോ, റോ മെറ്റീരിയലുകൾ നൽകുന്നവരുമായോ ഒക്കെ വിശദമായ ചർച്ചയാവാം.

9. തന്റെ സംരംഭത്തിന് എത്ര മാത്രം മൂലധനം ആവശ്യമുണ്ടെന്നുള്ള കണ്ടെത്തലാണ് ഇനി വേണ്ടുന്നത്. പ്രവർത്തന മൂലധനം എത്ര വേണം, ക്യാഷ് ഫ്ലോ എങ്ങനെയാണ് എന്നിങ്ങനെയുള്ളതെല്ലാം ഈ സ്റ്റേജിൽ പ്ലാൻ ചെയ്യേണ്ടതുണ്ട്.

10. ഒരു സംരംഭകൻ നേടേണ്ടതായ വിവിധങ്ങളായ ലൈസൻസു കളും രജിസ്ട്രേഷനുകളുമുണ്ട്. വിവിധ ഡിപ്പാർട്ട്മെൻറുകൾ അതിനായി സന്ദർശിക്കേണ്ടതുണ്ട്. അത് ഏതൊക്കെയെന്ന് മനസ്സിലാക്കുക എന്നത് ഏറെ പ്രാധാന്യമർഹിക്കുന്നയൊന്നാണ്.

11. ഒരു സംരംഭത്തിന് വിവിധങ്ങളായ ഉടമസ്ഥതാ രൂപങ്ങളുണ്ട്. തന്റെ സംരംഭത്തിന് അനുയോജ്യമായത് ഏതെന്ന് സംരംഭകൻ മനസ്സിലാക്കേണ്ടതാണ്. ഒരാൾ മാത്രമുള്ള സംരംഭം എന്നത് പ്രൊപ്രൈറ്ററി ആണ്. അത് രജിസ്റ്റർ ചെയ്യേണ്ടത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലാണ്. സംരംഭകന് തന്റെ സ്ഥാപനം ഏകാംഗ കമ്പനിയായിട്ടോ, പാർട്ണർഷിപ് ഫേം ആയിട്ടോ, ലിമിറ്റഡ് ലയബിലിറ്റി പാർട്ണർഷിപ്പായോ, പ്രൈവറ്റ് അല്ലെങ്കിൽ പബ്ലിക് ലിമിറ്റഡ് കമ്പിനിയായോ ഒക്കെ രജിസ്റ്റർ ചെയ്യാവുന്നതാണ്.

12. അടുത്തതായി സംരംഭത്തിനൊരു പേരു നൽകുക എന്നതാണ് ചെയ്യേണ്ടത്. സംരംഭത്തിന് മാത്രമല്ല, ഉൽപ്പന്നത്തിനും, സർവ്വീസി നുമൊക്കെ ജന മനസ്സുകളിൽ ഇടം പിടിക്കുന്ന തരത്തിലുള്ളയൊ രു പേരു നൽകേണ്ടതാണ്. ഒപ്പം അത് പ്രൊട്ടക്ട് ചെയ്യേണ്ടതും അത്യാവശ്യമാണ്. ഈ ഘട്ടത്തിൽ പേറ്റൻറിനെക്കുറിച്ചും ട്രേഡ്

മാർക്കിനെക്കുറിച്ചുമെല്ലാം അത്യാവശ്യ ധാരണ ഉണ്ടാക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

13. തന്റെ സംരംഭത്തിനായിട്ടുള്ള ഒരു സ്ഥലം കണ്ടെത്തുകയെന്ന താണ് അടുത്ത പടി. ഉൽപ്പാദന വ്യവസായങ്ങൾക്കും, സേവന, ട്രേഡിങ്ങ് സംരംഭങ്ങൾക്കും ആവശ്യമുള്ള സ്ഥലത്തിന് വ്യത്യസ്തമായ പ്രത്യേകതകളാണുള്ളത്. ആയത് തിരിച്ചറിയുകയും അനുയോജ്യമായ സ്ഥലം തെരഞ്ഞെടുക്കുകയും വേണം.

14. ആവശ്യമായ ലൈസൻസുകളും രജിസ്ട്രേഷനുകളും പൂർത്തിയാക്കി സംരംഭം ആരംഭിക്കുകയാണ് അവസാനമായി ചെയ്യേണ്ടത്.

# സംരംഭക സാധ്യതാ മേഖലകൾ

## തിരുവനന്തപുരം ജില്ല

കേരളത്തിലെ വ്യവസായ സംരംഭങ്ങളിൽ അധികവും ഭക്ഷ്യ സംസ്കരണം, എഞ്ചിനീയറിംഗ്, റബ്ബർ, റെഡിമെയ്ഡ് വസ്ത്ര നിർമാണം, ആയുർവേദം, ഐ ടി, സേവന സംരംഭങ്ങൾ മുതലായ മേഖലകളിലാണ് കാണപ്പെടുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ സാന്നിദ്ധ്യവും നിലവാരമുള്ള മാനവവിഭവശേഷിയുടെ ലഭ്യതയും കേരളത്തിൽ പുതു തലമുറ നൂതന സംരംഭങ്ങൾ ധാരാളം ആരംഭിക്കുവാനുള്ള സാധ്യത സൃഷ്ടിക്കുന്നു. കേരളത്തിലെ ഈ പ്രത്യേക സാഹചര്യം കണക്കിലെടുത്തു കേന്ദ്ര സംസ്ഥാന സർക്കാരുകളുടേതായ വിവിധ സംരംഭകത്വ പ്രോത്സാഹന പദ്ധതികളാണ് സംസ്ഥാനത്ത് ഇപ്പോൾ നടന്നുവരുന്നത്. ഭക്ഷ്യസംസ്കരണ മേഖലയിൽ ഓരോ ജില്ലകൾക്കും സാധ്യത ഉള്ള ഉത്പന്നങ്ങൾക്ക് ഒരു ജില്ല ഒരു ഉൽപ്പന്നം (One District One Product - ODOP) എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസംസ്ഥാന സർക്കാരുകൾ സബ്സിഡിയും നൽകി വരുന്നു.

തിരുവനന്തപുരം ജില്ല ഒരു കാർഷികമേഖലയാണ്: നെല്ല്, മരച്ചീനി, പയറുവർഗങ്ങൾ, കായ്കറികൾ, കിഴങ്ങുവർഗങ്ങൾ തുടങ്ങിയവയും റബ്ബർ, തെങ്ങ്, കുരുമുളക് എന്നീ നാണ്യവിളകളും നഗരാതിർത്തിക്കുള്ളിൽ പോലും വ്യാപകമായി കൃഷിചെയ്യപ്പെടുന്നു. തിരുവന്തപുരം ജില്ലയുടെ  ODOP മരച്ചീനിയാണ്.അഞ്ചുതെങ്ങ്, മുപ്പിരി തുടങ്ങിയ തീരമേഖലാകേന്ദ്രങ്ങളിൽ കയർ ഉത്പാദനം ഒതുങ്ങിനിൽക്കുന്നു. ബാലരാമപുരം,vഅമരവിള, കുളത്തൂർ, ചിറയിൻകീഴ് എന്നിവിടങ്ങൾ കൈത്തറി വസ്ത്രനിർമ്മാണത്തിന്റെ കേന്ദ്രങ്ങൾ ആണ്

ടെക്നോപാർക്ക്, കഴക്കൂട്ടം; ഇൻഡസ്ട്രിയൽഎസ്റ്റേറ്റ്, പാപ്പനംകോട്; ഇൻഡസ്ട്രിയൽ ഡവലപ്പ് മെന്റ് ഏരിയ, കൊച്ചുവേളി; കിൻഫ്ര (Kerala Industrial Infrastructure Development Corporation), കഴക്കൂട്ടം എന്നിവയാണ് തിരുവനന്തപുരം ജില്ലയിലുള്ള വ്യവസായസഞ്ചയങ്ങൾ.

കേന്ദ്ര ഉടമസ്ഥതയിലുള്ള രണ്ട് വ്യവസായ സ്ഥാപനങ്ങൾ തലസ്ഥാന നഗരിക്കുള്ളിലാണ് സ്ഥാപിതമായിട്ടുള്ളത്. ഇവയിൽ വിക്രംസാരാഭായി സ്പേസ് സെന്ററും  അനുബന്ധ സ്ഥാപനങ്ങളും പൂർണമായും പ്രതിരോധം, ശാസ്ത്രസാങ്കേതികം എന്നീ കേന്ദ്രവകുപ്പുകൾക്കു വേണ്ടിയുള്ളതാണ്. വൈദ്യുതി, ഇതര ഊർജവസ്തുക്കൾ എന്നിവയിലെ പര്യാപ്തതയും അസംസ്കൃതവസ്തുക്കളുടെ ലഭ്യതയും വ്യാവസായിക പുരോഗതിക്ക് നന്നേ അനുകൂലമായ പരിതസ്ഥിതി ഈ ജില്ലയിൽ

ഒരുക്കിയിട്ടുണ്ട്;

വസ്ത്ര വ്യവസായകേന്ദ്രമാണ് തിരുവനന്തപുരം തുമ്പയിലെ കിൻഫ്ര ഇന്റർനാഷണൽ അപ്പാരൽ പാർക്ക്. വിവര-വിനോദ സാങ്കേതികവിദ്യക്കായി സ്ഥാപിച്ച ഫിലിം ആൻഡ് വീഡിയോപാർക്ക് കഴക്കൂട്ടത്താണ് പ്രവർത്തിക്കുന്നത്.

**അടിസ്ഥാന സൗകര്യം**

നാഷണൽഹൈവേ, മികച്ച മറ്റു റോഡുകൾ, പൊതുഗതാഗതം. റെയിൽവേകണക്ടിവിറ്റി, എയർപോർട്ട്, വിഴിഞ്ഞം തുറമുഖം, ഉൾനാടൻ ജലഗതാഗതം മുതലായവ തിരുവനന്തപുരം ജില്ലയിൽ വ്യവസായ അനുകൂല ഘടകങ്ങളാണ്. തുറമുഖത്തിന്റെ അനുബന്ധമായി കയറ്റുമതി വരുംവർഷങ്ങളിൽ വളരെ വലിയ രീതിയിൽ പ്രതീക്ഷിക്കുന്ന ഘടകമാണ്.

**അസംസ്കൃത വസ്തുക്കളുടെ ലഭ്യത**

കാർഷിക ഉത്പന്നങ്ങൾ, കന്നുകാലിവളർത്തൽ, കടൽവിഭവങ്ങൾ, റബ്ബർ എന്നിവ ധാരാളമായി ഉള്ള ജില്ലയായതിനാൽ ഇത്തരം വിഭവങ്ങൾ അസംസ്കൃത വസ്തുക്കളായി വരുന്ന സംരംഭങ്ങൾക്ക് സാധ്യത വളരെ അധികമാണ്.

**പരിശീലന സ്ഥാപനങ്ങൾ**

1. DIC, VELLAYAMBALAM
2. Startup Mission , kazhakoottam
3. MSME extention centre, Attingal
4. CTCRI , SREEKARYAM
5. CSIR- NIIST, Pappanamcode
6. RSETI , Vazhuthacad
7. Agricultural College, Vellayani
8. RVTI , Kazhakoottam

**പൊതുമേഖലാ സ്ഥാപനങ്ങൾ**

ISRO, VSSC, KELTRON, KAL, LPSC , Titanium, Rajiv Gandhi Institute

for Biotechnology, ENergy Management Centre, ANERT, BRAHMOS, HLL മുതലായ പൊതുമേഖലാസ്ഥാപനങ്ങളെ കൂടാതെ മറ്റു വൻകിട സ്വകാര്യസ്ഥാപനങ്ങളും ഉള്ളതിനാൽ ധാരാളം അനുബന്ധസ്ഥാപനങ്ങൾക്ക് സാധ്യത കൂടുതലാണ്.

**ധനകാര്യ സ്ഥാപനങ്ങൾ**

ജില്ലയിൽ പൊതുമേഖലയിലും സ്വകാര്യമേഖലയിലുമായി 843 ബാങ്ക് ബ്രാഞ്ചുകൾ നിലവിൽ പ്രവർത്തിക്കുന്നു. കൂടാതെ എല്ലാ പഞ്ചായത്തുകളിലും പ്രാഥമിക സഹകരണബാങ്കുകളും പ്രവർത്തിച്ചുവരുന്നു .

**ജില്ലയിലെസംരംഭകസാധ്യതകൾ**

**ഉല്പാദനമേഖല**

1. ഭക്ഷ്യസംസ്കരണം
2. വസ്ത്രനിർമ്മാണം
3. എഞ്ചിനീയറിംഗ് വർക്ക് ഷോപ്പുകൾ
4. മരാധിഷ്ഠിതവ്യവസായം,
5. പ്രിൻറിംഗ്
6. ഈറമുളഉത്പന്നങ്ങൾ
7. കൈത്തറിഉത്പന്നങ്ങൾ
8. കയർഉത്പന്നങ്ങൾ
9. കരകൗശലഉത്പന്നങ്ങൾ
10. IT സെക്ടർ
11. പ്രതിരോധ - ബഹിരാകാശവാർത്തവിനിമയഉത്പന്നങ്ങൾ
12. ഇലക്ട്രോണിക്സ്
13. ഫാബ്രിക്കേഷൻ
14. പാലുല്പന്നങ്ങൾ
15. റബ്ബർഉത്പന്നങ്ങൾ
16. ബിൽഡിംഗ് മെറ്റീരിയൽസ്
17. ബിൽഡിംഗ് ഇന്റീരിയർ ഡിസൈനിംഗ്
18. ടയർ റീ ത്രെഡിങ് യൂണിറ്റുകൾ
19. കുപ്പിവെള്ളം / സോഡാനിർമ്മാണയൂണിറ്റുകൾ
20. മെഡിക്കൽ ഡിവൈസസ് , ബയോടെക്നോളജി

**സേവനമേഖല**

1. ടൂറിസം
2. DTP - ഓൺലൈൻ സർവ്വീസ് സെന്ററുകൾ
3. മൊബൈൽഫോൺ സർവ്വീസ് സെന്ററുകൾ
4. ബ്യൂട്ടി പാർലറുകൾ
5. കോൾഡ് സ്റ്റോറേജ് ഗോ ഡൗണുകൾ
6. ഓട്ടോമൊബൈൽ വർക്ക് ഷോപ്പുകൾ
7. മെഡിക്കൽ ഉപകരണങ്ങളുടെ സർവ്വീസും വില്പനയും
8. കമ്പ്യൂട്ടർ സർവ്വീസും വില്പനയും
9. ലോജിസ്റ്റിക്സ് സപ്ലൈ ചെയിൻ മാനേജ്മന്റ്
10. റീ പാക്കിങ്ങ് യൂണിറ്റുകൾ
11. ആയുർവേദം

# സംരംഭക സാധ്യതാ മേഖലകൾ

## കൊല്ലം

കേരളത്തിലെ വ്യവസായ സംരംഭങ്ങളിൽ അധികവും ഭക്ഷ്യ സംസ്കരണം, എഞ്ചിനീയറിംഗ്, റബ്ബർ, റെഡിമെയ്ഡ് വസ്ത്ര നിർമാണം, ആയുർവേദം, ഐ ടി, സേവന സംരംഭങ്ങൾ മുതലായ മേഖലകളിലാണ് കാണപ്പെടുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ സാന്നിദ്ധ്യവും നിലവാരമുള്ള മാനവവിഭവശേഷിയുടെ ലഭ്യതയും കേരളത്തിൽ പുതു തലമുറ നൂതന സംരംഭങ്ങൾ ധാരാളം ആരംഭിക്കുവാനുള്ള സാധ്യത സൃഷ്ടിക്കുന്നു. കേരളത്തിലെ ഈ പ്രത്യേക സാഹചര്യം കണക്കിലെടുത്തു കേന്ദ്ര സംസ്ഥാന സർക്കാരുകളുടേതായ വിവിധ സംരംഭകത്വ പ്രോത്സാഹന പദ്ധതികളാണ് സംസ്ഥാനത്ത് ഇപ്പോൾ നടന്നുവരുന്നത്. ഭക്ഷ്യസംസ്കരണ മേഖലയിൽ ഓരോ ജില്ലകൾക്കും സാധ്യത ഉള്ള ഉത്പന്നങ്ങൾക്ക് ഒരു ജില്ല ഒരു ഉൽപ്പന്നം (One District One Product - ODOP) എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസംസ്ഥാന സർക്കാരുകൾ സബ്സിഡിയും നൽകി വരുന്നു.

ചരിത്രപരമായ പെരുമ കൊണ്ടും, കടലും കായലും മലയോരവും ഇടകലർന്ന പ്രകൃതിഭംഗി കൊണ്ടും എന്നും തലയെടുപ്പുള്ള ജില്ലയാണ് കൊല്ലം. പടിഞ്ഞാറു ഭാഗത്ത് അറബിക്കടലും, കിഴക്ക് തമിഴ്നാടും, വടക്ക് ആലപ്പുഴ-പത്തനംതിട്ട ജില്ലകളും തെക്ക് തിരുവനന്തപുരം ജില്ലയും കൊല്ലവുമായി അതിരുകൾ പങ്കിടുന്നു. കൊല്ലം, പുനലൂർ എന്നിങ്ങനെ രണ്ട് റവന്യൂ ഡിവിഷനുകളായി പത്തനാപുരം, പുനലൂർ, കുന്നത്തൂർ, കൊട്ടാരക്കര, കരുനാഗപ്പള്ളി, കൊല്ലം എന്നിങ്ങനെ ആകെ ആറു താലൂക്കുകൾ ജില്ലയിലുണ്ട്.തീരപ്രദേശം, ഇടനാട്, മലനാട് എന്നിങ്ങനെ വേർതിരിക്കാൻ കഴിയുന്ന ഭൂപ്രകൃതിയാലും ജൈവ വൈവിധ്യങ്ങളാലും സമ്പന്നമായ കൊല്ലം കൃഷിയോഗ്യവും ചെമ്മണ്ണ് നിറഞ്ഞതും വനസമൃദ്ധവുമാണ്. ശക്തികുളങ്ങര, നീണ്ടകര, അഴീക്കൽ എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ സാന്നിദ്ധ്യം കൊല്ലത്തെ നിരവധി പേർക്ക് തൊഴിൽ നൽകുന്ന ഒരു പ്രമുഖ മത്സ്യവ്യവസായ കേന്ദ്രമാക്കിത്തീർക്കുന്നു.പുരാതന കൊല്ലം തുറമുഖം ചൈനയും, അറേബ്യയുമായിട്ടൊക്കെ വ്യാപാരബന്ധം പുലർത്തിയിരുന്നതും, നിരവധി വൻകിട വ്യവസായ സ്ഥാപനങ്ങൾക്ക് കൂടൊരുക്കിയിരുന്ന ജില്ലയുമാണ് കൊല്ലം.

മത്സ്യ സമ്പത്ത്, കാർഷിക വിഭവങ്ങളുടെ ലഭ്യത, കൊല്ലം തുറമുഖത്തിന്റെ സാന്നിദ്ധ്യം, വിവിധ ധാതുക്കളാൽ സമ്പുഷ്ടമായ കടൽത്തീ

രം, സമീകൃതമായ കാലാവസ്ഥ, അഭ്യസ്ഥ വിദ്യരായ യുവതലമുറ, വനിതകളുടെ സാമൂഹ്യ പുരോഗതി എന്നിവ ജില്ലയുടെ വ്യവസായ പുരോഗതിയ്ക്ക് പിന്തുണയേകുന്ന ഘടകങ്ങളാണ്.പോർച്ചുഗീസ് കാലം മുതൽ  കശുവണ്ടി വ്യവസായത്തിന്റെ സിരാകേന്ദ്രമായ കൊല്ലത്ത് നൂറുകണത്തിനു കശുവണ്ടി സംസ്കരണ ഫാക്ടറികൾ പ്രവർത്തിക്കുന്നു. രാജ്യത്തെ ആകെ സംസ്കൃത കശുവണ്ടി കയറ്റുമതിയുടെ 75 ശതമാന വും കയ്യാളുന്ന കൊല്ലം ഇന്നും ഇന്ത്യയിലെ ഏറ്റവും വലിയ സംസ്കരിച്ച കശുവണ്ടി കയറ്റുമതി കേന്ദ്രമായി തുടരുന്നു. മത്സ്യസമ്പത്ത്കൊണ്ടും അനുഗ്രഹീതമാണ് കൊല്ലം. നഗരത്തിന്റെ പ്രാന്ത പ്രദേശത്ത് സ്ഥിതി ചെയ്യുന്ന; കേരളത്തിലെ തന്നെ ഏറ്റവും പ്രധാനപ്പെട്ട മത്സ്യബന്ധന തുറമുഖങ്ങളിൽ ഒന്നായ നീണ്ടകരയിൽ ഇൻഡോ നോർവ്വീജിയൻ പദ്ധതിയുടെ ഭാഗമായി  നടത്തിയ പ്രവർത്തനങ്ങൾ മത്സ്യബന്ധന മേഖലയിലും  അനുബന്ധ മേഖലയിലും നിരവധിപേർക്ക് തൊഴില വസരം പ്രദാനം ചെയ്യുന്നു.

തടാകങ്ങളും കായലുകളും മലയോരങ്ങളും ഒരുക്കുന്ന നാളിതുവ രെ പൂർണ്ണമായി ചൂഷണം ചെയ്യിട്ടില്ലാത്ത പ്രകൃതിഭംഗി ജില്ലയുടെ ടൂറിസം സാധ്യതകൾ വാനോളമുയർത്തുന്നു. ഉൽപ്പാദന വ്യവസാ യങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും നിലവാരമുള്ള ഭൂമിയുടെ ലഭ്യതയും റോഡുകളും, വൻകിട ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് ജില്ലയിൽ അനുകൂല സാഹചര്യമൊരുക്കുന്നുണ്ട്.

### അടിസ്ഥാന സൗകര്യം

നാഷണൽഹൈവേ, മികച്ച മറ്റു റോഡുകൾ, പൊതുഗതാഗതം. റെ യിൽവേകണക്റ്റിവിറ്റി, ഉൾനാടൻ ജലഗതാഗതം, അസംസ്കൃത വസ്തു ക്കളുടെ ലഭ്യത, അഭ്യസ്തവിദ്യരായ യുവതലമുറ മുതലായവ കൊല്ലം ജില്ലയിൽ വ്യവസായ അനുകൂല ഘടകങ്ങളാണ്.

### അസംസ്കൃത വസ്തുക്കളുടെ ലഭ്യത

കാർഷിക ഉത്പന്നങ്ങൾ, കന്നുകാലിവളർത്തൽ, കടൽവിഭവങ്ങൾ, റബ്ബർ, കശുവണ്ടി, കിഴങ്ങു വിളകൾ എന്നിവ ധാരാളമായി ഉള്ള ജില്ലയായതിനാൽ ഇത്തരം വിഭവങ്ങൾ അസംസ്കൃതവസ്തുക്കളായ സംരംഭങ്ങൾക്ക് വളരെ നല്ല സാധ്യതയാണുള്ളത്.

പരിശീലന സ്ഥാപനങ്ങൾ

1. DIC, ആശ്രാമം, കൊല്ലം
2. KVK, സദാനന്ദപുരം, കൊട്ടാരക്കര
3. Indian Institute of Infrastructure and Construction (IIIC), ചവറ
4. TKMIT, കാരുവേലിൽ, കൊട്ടാരക്കര
5. RSETI , കൊട്ടിയം
6. ATDC, DIC യ്ക്ക് സമീപം, ആശ്രാമം, കൊല്ലം
7. അമൃതവിശ്വവിദ്യപീഠം, വള്ളിക്കാവ്, ഓച്ചിറ
8. Community Skill Park, കുളക്കട, കൊട്ടാരക്കര
9. Milk Products Training & Development Centre, ഓച്ചിറ
10. പ്രധാനമന്ത്രി കൗശൽ വികസന പരിശീലന കേന്ദ്രം, കലയപുരം, കൊട്ടാരക്കര

**പൊതുമേഖലാ സ്ഥാപനങ്ങൾ**

Indian Rare Earths(Central PSU), Kerala Ceramics Ltd, Kerala Electrical and Allied Engineering Company, Kerala Minerals and Metals Limited, United Electrical Industries Kollam, Oil Palm India Ltd, RPL, Kerala Agro-Fruit Products, CAPEX, KSCDC, Kerala Feeds Karunagappally, KeraFed Kulasekharapuram മുതലായ പൊതുമേഖലാസ്ഥാപനങ്ങളും കൂടാതെ മറ്റുവൻകിട ഇടത്തരം സ്വകാര്യസ്ഥാപനങ്ങളും ജില്ലയിൽ ഉള്ളതിനാൽ അനുബന്ധസ്ഥാപനങ്ങൾക്ക് സാധ്യത കൂടുതലാണ്.

**ധനകാര്യ സ്ഥാപനങ്ങൾ**

ജില്ലയിൽ പൊതുമേഖലയിലും സ്വകാര്യമേഖലയിലുമായി 473 ബാങ്ക് ബ്രാഞ്ചുകൾ നിലവിൽ പ്രവർത്തിക്കുന്നു. കൂടാതെ എല്ലാ പഞ്ചായത്തുകളിലും പ്രാഥമിക സഹകരണബാങ്കുകളും പ്രവർത്തിച്ചുവരുന്നു. കേരള ബാങ്കിന്റെ 65 ശാഖകളും ജില്ലയിലുണ്ട്.

ജില്ലയിലെസംരംഭകസാധ്യതകൾ

**ഉല്പാദനമേഖല**

1. ഭക്ഷ്യസംസ്കരണം
2. കശുവണ്ടി സംസ്കരണം
3. സമുദ്ര വിഭവങ്ങൾ

4. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം
5. എഞ്ചിനീയറിംഗ് വർക്ഷോപ്പുകൾ
6. മരാധിഷ്ഠിതവ്യവസായം
7. പ്രിൻറിംഗ്
8. കൈത്തറിഉത്പന്നങ്ങൾ
9. കയർഉത്പന്നങ്ങൾ
10. കരകൗശലഉത്പന്നങ്ങൾ(തഴപ്പാ , വൈക്കോൽ ചിത്രം)
11. പ്രതിരോധ–ബഹിരാകാശവാർത്തവിനിമയഉത്പന്നങ്ങൾ
12. ഇലക്ട്രോണിക്സ്
13. ഫാബ്രിക്കേഷൻ ഉൽപ്പന്നങ്ങൾ
14. പാലുല്പന്നങ്ങൾ
15. റബ്ബർ ഉത്പന്നങ്ങൾ
16. ബിൽഡിംഗ് മെറ്റീരിയൽസ്
17. ബിൽഡിംഗ്ഇന്റീരിയർഡിസൈൻ
18. ടയർ റീട്രെഡിങ് യൂണിറ്റുകൾ
19. കുപ്പിവെള്ളം / സോഡാനിർമ്മാണയൂണിറ്റുകൾ
20. ഓട്ടോമൊബൈൽ വർക്ഷോപ്പുകൾ
21. വനവിഭവങ്ങൾ
22. ഹൗസ് ബോട്ട്, മത്സ്യ ബന്ധന ബോട്ട് നിർമാണം

**സേവനമേഖല**

1. ടൂറിസം&അനുബന്ധമേഖല
2. DTP & ഓൺലൈൻ സർവീസ് സെന്ററുകൾ
3. മൊബൈൽ ഫോൺ സർവീസ് സെന്ററുകൾ
4. ബ്യൂട്ടി പാർലറുകൾ
5. ലോജിസ്റ്റിക്സ് സപ്ലൈ ചെയിൻ മാനേജ്മന്റ്
6. കോൾഡ് സ്റ്റോറേജ് ഗോഡൗണുകൾ
7. ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് റിപ്പയർ ഷോപ്പുകൾ

# സംരംഭക സാധ്യതാ മേഖലകൾ

## പത്തനംതിട്ട

കേരളത്തിലെ വ്യവസായ സംരംഭങ്ങളിൽ അധികവും ഭക്ഷ്യ സംസ്കരണം എഞ്ചിനിയറിംഗ്, റബ്ബർ, വസ്ത്ര നിർമ്മാണം, ആയുർവേദം, ഐ.ടി സേവനം മുതലായ മേഖലകളിലാണ് കാണപ്പെടുന്നത്. പൊതുമേഖല സ്ഥാപനങ്ങൾ അധികമുള്ളതും മാനവ വിഭവശേഷി അധികമുള്ളതിനാലും കേരളത്തിലെ പുതുതലമുറയ്ക്ക് നൂതന സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സാധ്യത ധാരാളം ഉണ്ട്. കേരളത്തിലെ ഈ പ്രത്യേക സാഹചര്യം കണക്കിലെടുത്തു ഓരോ ജില്ലകൾക്കും സാധ്യത ഉള്ള ഉല്പന്നങ്ങൾക്ക്  ODOP എന്നപദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്രസംസ്ഥാന സർക്കാരുകൾ സബ്സിഡിയും നല്കി വരുന്നു.

പത്തനംതിട്ട ജില്ല ഒരു കാർഷികാധിഷ്ഠിത ജില്ലയാണ്. ഭൂവിസ്തൃതിയിൽ 58.5% വനമേഖലയുള്ള പത്തനംതിട്ട ജില്ലയിൽ നെല്ല്, കിഴങ്ങുവിളകൾ, റബ്ബർ, മരച്ചീനി, വാഴ എന്നിവ മുഖ്യകാർഷിക ഉൽപ്പന്നങ്ങളാണ്. GDP-യിൽ 22.6% സംഭാവന MSME മേഖലയ്ക്കുണ്ട്. ഇതിൽ ജനറൽ എഞ്ചിനീയറിംഗ്, ഭക്ഷ്യ സംസ്കരണ മേഖലയാണ്കൂടുതൽ സംഭാവനകൾ നൽകി വരുന്നത്. ജില്ലയിൽ  ODOP ഉൽപ്പന്നമായി ജാക്ക്ഫ്രൂട്ടായതിനാൽ കൂടുതൽ ചക്കയിൽ നിന്നുള്ള മൂല്യവർദ്ധിതഉൽപ്പന്നങ്ങളും, ഇതുമായി ബന്ധപ്പെട്ട നാനോസംരംഭങ്ങൾ കൂടാതെ വനോൽപ്പന്നങ്ങളായ തേൻ, ബാംബൂ എന്നീമേഖലകളിലും ധാരാളം സംരംഭക സാധ്യതയുണ്ട്. പ്രവാസികളും, അതോടൊപ്പം ക്യാഷ്ഡിപ്പോസിറ്റ് ഏറ്റവും കൂടുതലുള്ള പത്തനംതിട്ട ജില്ലയിലെ, തിരികെ ജില്ലയിലെത്തുന്ന പ്രവാസികളെയും, സംരംഭകത്വത്തിലേക്ക് നയിക്കുന്നതിനു ജില്ലയിലെ തൊഴിലില്ലാത്ത അഭ്യസ്ത വിദ്യരായ യുവജനങ്ങളെ സംരംഭകത്വമേഖലയിലേയ്ക്ക് നയിക്കുന്നതിനു പ്രാമുഖ്യം നൽകിയുള്ള നടപടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്.

### അടിസ്ഥാനസൗകര്യം

മികച്ചമറ്റുറോഡുകൾ, പൊതുഗതാഗതം, റെയിൽവേകണക്റ്റിവിറ്റി, ഉൾനാടൻ ജലഗതാഗതം, ജില്ലയിലെ അടൂർ, കുന്നന്താനം വ്യവസായ പാർക്കുകൾ മുതലായവ പത്തനംതിട്ടജില്ലയിൽ വ്യവസായ അനുകൂലഘടകങ്ങളാണ്.

### അസംസ്കൃതവസ്തുക്കളുടെലഭ്യത

മരച്ചീനി, വാഴപ്പഴം, ഇഞ്ചി, കുടംപുളി, കരിമ്പ്, പച്ചക്കറി തുടങ്ങിയ വിളകൾ, കന്നുകാലിവളർത്തൽ എന്നിവ ധാരാളമായി ഉള്ള ജില്ല

യായതിനാൽ ഇത്തരം വിഭവങ്ങൾ അസംസ്കൃതവസ്തുക്കളായ സംരം ഭങ്ങൾക്കുള്ള സാധ്യത വളരെ അധികമാണ്. കേരളത്തിലെ ഏറ്റവും അവസാനം രൂപീകരിച്ച പത്തനംതിട്ടജില്ല വനവിഭവങ്ങളുടെ കലവറ യാണ്. തേൻ, ഈറ, മുള തുടങ്ങിയ അസംസ്കൃതവസ്തുക്കൾ മേഖല യിൽസുലഭമാണ്. മലയോര മേഖലയായതിനാൽ റബർ, റംബൂട്ടാൻ, ജാതി തുടങ്ങിയ വിളകൾഏറെയുണ്ട്

**പരിശീലനസ്ഥാപനങ്ങൾ**

1. മിനി ഇൻക്യൂബേഷൻ സെന്റർ, ജില്ലാ വ്യവസായകേന്ദ്രം
2. കൃഷി വിജ്ഞാന കേന്ദ്രം, തടിയൂർ
3. ഫുഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കോന്നി
4. കരിമ്പ് ഗവേഷണ കേന്ദ്രം. തൊള്ളിയൂർ
5. MSMETI തിരുവല്ല
6. RSETI പത്തനംതിട്ട
7. മാർഅത്തനേഷ്യസ് കോളേജ് ഫോർഅഡ്വാൻസ് സ്റ്റഡീസ്, തിരുവല്ല
8. CHASS ,Mallapally

**പൊതുമേഖലാസ്ഥാപനങ്ങൾ**

ട്രാക്കോകേബിൾസ്, ട്രാവൻകൂർ ഷുഗർ മിൽസ് മുതലായ പൊതുമേ ഖലാസ്ഥാപനങ്ങളും കൂടാതെ മറ്റു വൻകിട സ്വകാര്യസ്ഥാപനങ്ങളും ഉള്ളതിനാൽ ധാരാളം അനുബന്ധ സ്ഥാപനങ്ങൾക്ക് സാധ്യതകൂടു തലാണ്.

**ധനകാര്യസ്ഥാപനങ്ങൾ**

ജില്ലയിൽ പൊതുമേഖലയിലും സ്വകാര്യമേഖലയിലുമായി 30 ബാ ങ്കുകളുടെ 450 ബ്രാഞ്ചുകൾ നിലവിൽ പ്രവർത്തിക്കുന്നു. കൂടാതെ എല്ലാ പഞ്ചായത്തുകളിലും പ്രാഥമിക സഹകരണ ബാങ്കുകളും പ്രവർത്തിച്ചുവരുന്നു.

**ജില്ലയിലെസംരംഭകസാധ്യതകൾ**

**I. ഉല്പാദനമേഖല**

1. ഭക്ഷ്യസംസ്കരണം (ശർക്കര, മരച്ചീനി, വാഴപ്പഴം, ഇഞ്ചി, കുടംപുളി)
2. റബ്ബർ വ്യവസായങ്ങൾ

3. കരിമ്പ് ഉത്പന്നങ്ങൾ
4. സുഗന്ധവ്യഞ്ജന ഉത്പന്നങ്ങൾ
5. വനവിഭവങ്ങളുടെ മൂല്യവർധനവ്
6. വസ്ത്രനിർമ്മാണം
7. എഞ്ചിനീയറിംഗ് വർക്ഷോപ്പുകൾ
8. മരാധിഷ്ഠിത വ്യവസായം,
9. പ്രിൻറിംഗ്
10. ആറന്മുള കണ്ണാടി
11. കരകൗശല ഉത്പന്നങ്ങൾ
12. ഫാബ്രിക്കേഷൻ
13. പാലുല്പന്നങ്ങൾ
14. ബിൽഡിംഗ് മെറ്റീരിയൽസ്
15. ബിൽഡിംഗ്ഇന്റീരിയർഡിസൈൻ
16. ടയർറീട്രെഡിങ് യൂണിറ്റുകൾ

**സേവനമേഖല**

1. ടൂറിസം (പിൽഗ്രിംടൂറിസം, ഇക്കോടൂറിസം)
2. DTP - ഓൺലൈൻ സർവീസ് സെന്ററുകൾ
3. മൊബൈൽ ഫോൺ സർവീസ് സെന്ററുകൾ
4. ബ്യൂട്ടി പാർലറുകൾ
5. ഓട്ടോ മൊബൈൽ വർക്ഷോപ്പുകൾ
6. കമ്പ്യൂട്ടർ സെർവീസുംവില്പനയും
7. റീപാക്കിങ് യൂണിറ്റുകൾ
8. ആയുർവേദം

# സംരംഭക സാധ്യതാ മേഖലകൾ

## ആലപ്പുഴ

കേരളത്തിലെ വ്യവസായ മേഖല പ്രധാനമായും മുൻതൂക്കം നൽകുന്നത് ഭക്ഷ്യ സംസ്കരണം, എഞ്ചിനീയറിംഗ് , റബ്ബർ , വസ്ത്ര നിർമാണം, ആയുർവേദം, ഐ ടി, സേവനം മുതലായ മേഖലകൾക്കാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ അധികമുള്ളതും മാനവവിഭവശേഷി അധികമുള്ളതിനാലും കേരളത്തിൽ പുതു തലമുറ നൂതന സംരംഭങ്ങൾ ധാരാളം ആരംഭിക്കുവാനുള്ള സാധ്യത ഉണ്ട് .

ആലപ്പുഴ ജില്ലയിലെ കുട്ടനാട് അറിയപ്പെടുന്നത് തന്നെ റൈസ് ബൗൾ ഓഫ് കേരളം എന്നാണ്. ആയതിനാൽ തന്നെ ഭക്ഷ്യ സംസ്കരണ മേഖലയിലെ ഉത്പന്നങ്ങൾക്കാണ് ആലപ്പുഴ ജില്ലയിൽ പ്രാധാന്യം . കുട്ടനാട്, മാവേലിക്കര, ചെങ്ങന്നൂർ, കാർത്തികപ്പള്ളി താലൂക്കുകളിൽ നെല്ല്, എള്ള്, നാളികേരം എന്നിവയുടെ കൃഷി സുലഭമായി നടക്കുന്നു. ആയതിനാൽ ഓണാട്ടുകര എള്ളെണ്ണ, കുട്ടനാടൻ അവൽ, വെളിച്ചെണ്ണ എന്നിവ ജില്ലയിൽ പ്രാധാന്യമുള്ള വ്യവസായമാണ്. കുട്ടനാടൻ മേഖലയിലെ ടൂറിസം സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി ഹൗസ് ബോട്ട്, ഹോം സ്റ്റേ വ്യവസായത്തോടൊപ്പം കേരളത്തിന്റെ തനതു ഭക്ഷ്യ വസ്തുക്കളുടെ പ്രധാനമായും മൽസ്യ ഉത്പന്നങ്ങളുടെ വിപണന സാധ്യതഇവിടെ കൂടുതലാണ്. ആലപ്പുഴ കൊല്ലം ജില്ലകളെ ബന്ധിപ്പിച്ചുകൊണ്ട് വലിയഴീക്കൽ പാലവും അതിനോട് ചേർന്ന ലൈറ്റ് ഹൗസും നിരവധി ടൂറിസ്റ്റുകളെ ഇവിടേക്ക് ആകർഷിക്കും . ജില്ലയിലെ പ്രധാന പരമ്പരാഗത വ്യവസായമാണ് കയർ. കയറിന്റെ ഈറ്റില്ലമാണ് ആലപ്പുഴ. മാന്നാർ മേഖല ഓട്ടുപാത്ര നിർമാണത്തിന് പ്രസിദ്ധമാണ്.

**അടിസ്ഥാന സൗകര്യം**

നാഷണൽ ഹൈവേ ,മികച്ച മറ്റു റോഡുകൾ , പൊതുഗതാഗതം റെയിൽവേ കണക്റ്റിവിറ്റി , ഉൾനാടൻ ജലഗതാഗതം മുതലായവ ആലപ്പുഴ ജില്ലയിൽ വ്യവസായ അനുകൂല ഘടകങ്ങളാണ്

**അസംസ്കൃത വസ്തുക്കളുടെ ലഭ്യത**

നെല്ല്, എള്ള് , നാളികേരം, പച്ചക്കറി, തുടങ്ങിയ വിളകൾ, വാഴ, മരച്ചീനി, കരിമ്പ് കൃഷികൾ കന്നുകാലി വളർത്തൽ, കടൽ, കായൽ, തദ്ദേശീയമായ മത്സ്യക്കൃഷി എന്നിവ ധാരാളമായി ഉള്ള

ജില്ലയായതിനാൽ ഇത്തരം വിഭവങ്ങൾ അസംസ്കൃത വസ്തുക്കളായ സംരംഭങ്ങൾക്ക് സാധ്യത വളരെ അധികമാണ്.

### പരിശീലന സ്ഥാപനങ്ങൾ

1. മിനി ഇൻക്യൂബേഷൻ സെന്റർ, ജില്ലാ വ്യവസായ കേന്ദ്രം, ആലപ്പുഴ
2. കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം,കൃഷ്ണപുരം (ഭക്ഷ്യവസ്തുക്കളുടെ സംഭരണം,ഉല്പന്ന സാധ്യതകൾക്കുള്ള പരിശീലനം),CPCRI
3. ഗ്രാമീണ സ്വ.യം തൊഴിൽ പരിശീലന കേന്ദ്രം (RSETI ,Aryaad )സ്വയം തൊഴിൽ പരിശീലനം
4. നെല്ല് ഗവേഷണ കേന്ദ്രം ,മങ്കൊമ്പ്,ചമ്പക്കുളം ( വിവിധ നെല്ലിനങ്ങൾ ഉല്പാദന പരിശീലനം)
5. കേന്ദ്ര കയർ ഗവേഷണ ഇൻസ്റ്റിട്ട്യൂട്ട് ,കലവൂർ (കയർ ഉല്പ്പന്ന നിർമ്മാണപരിശീലനം)
6. തേനീച്ച വളർത്തൽ കൺസോർഷ്യം ട്രെയിനിംഗ് സെന്റർ,കൊല്ലകടവ് (Horticorp) തേൻ ഉല്പന്ന നിർമ്മാണം
7. കൃഷി വിജ്ഞാൻ കേന്ദ്രം, കായംകുളം
8. ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, ചേർത്തല,
9. മിനി ഫാബ് ലാബ് ചെങ്ങന്നൂർ എഞ്ചിനീയറിംഗ് കോളേജ്
10. സെൻട്രൽ ഹാച്ചറി, ചെങ്ങന്നൂർ (കോഴി വളർത്തൽ , ഹാച്ചറി ട്രയിനിംഗ് )
11. അസാപ്പ് ട്രെയിനിംഗ് സെന്റർ, വഴിച്ചേരി മുല്ലയ്ക്കൽ

### പൊതുമേഖലാ സ്ഥാപനങ്ങൾ/അപെക്സ് സംഘങ്ങളും/ വൻകിട സ്വകാര്യ സ്ഥാപനങ്ങൾ

ആലപ്പുഴ ജില്ലയിൽ അപെക്സ് സംഘങ്ങളും/ വൻകിട സ്വകാര്യ സ്ഥാപനങ്ങളും പൊതുമേഖലാ സ്ഥാപനങ്ങളും ഉള്ളതിനാൽ ധാരാളം അനുബന്ധ സ്ഥാപനങ്ങൾക്ക് സാധ്യത കൂടുതലാണ്.

- നാഷണൽ തെർമൽ പവർ കോർപറേഷൻ ലിമിറ്റഡ് (എൻ.ടി.പി.സി) , കായംകുളം,കാർത്തികപ്പള്ളി താലൂക്ക്
- ആട്ടോകാസ്റ്റ് ലിമിറ്റഡ്, ചേർത്തല
- കേരള സ്റ്റേറ്റ് ഡ്രഗ് ആൻഡ് ഫാർമസ്യൂട്ടിക്കൽ , ആലപ്പുഴ(KSDP)
- സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് ( SILK ജനറൽ എൻ

ഞ്ചിനറിംഗ് വർക്ക് തുറവൂർ,തിരുവിഴ)

- ആലപ്പുഴ സെൻട്രൽ പ്രോഡക്റ്റ് ഡയറി ( മിൽമ,പുന്നപ്ര)
- മിൽമ ക്യാറ്റിൽ ഫീഡ് പ്ലാന്റ്, പട്ടണക്കാട് ,
- കയർ കോർപ്പറേഷൻ, ആലപ്പുഴ
- കേരള സ്റ്റേറ്റ് ഹോമിയോപതിക് കോർപറേറ്റീവ് ഫാർമസി (HOMCO)പാതിരപ്പള്ളി
- കെ.എസ്.ആർ.ടി.സി റീജിയണൽ വർക്ക് ഷോപ്പ് ,മാവേലിക്കര ,
- സ്പിന്നിങ് മിൽ , കായംകുളം
- കയർ ബോർഡ്, ആലപ്പുഴ
- കയർ ഫെഡ്, ആലപ്പുഴ
- ഫോം മാറ്റിംഗ്സ് ഇന്ത്യ ലിമിറ്റഡ് (Fomil),ആലപ്പുഴ
- ഇൻഫോ പാർക്ക് ,പള്ളിപ്പുറം , Info Park
- കെൽട്രോൺ , അരൂർ , (KELTRON)
- അലിന്റ് സ്വിച്ച് ഗിയർ, മാന്നാർ ALIND
- ക്യാഷ്യു ഫാക്ടറി, കരിമുളയ്ക്കൽ (കേരള സ്റ്റേറ്റ് കാഷ്യൂ ഡവലപ്പ്മെന്റ് കോർപറേഷൻ )
- ക്യാഷ്യു ഫാക്ടറി,നൂറനാട് ,പണയിൽ (കേരള സ്റ്റേറ്റ് കാഷ്യൂ ഡവലപ്പ്മെന്റ് കോർപറേഷൻ)

**ധനകാര്യ സ്ഥാപനങ്ങൾ**

ജില്ലയിൽ പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമായി 450 ബാങ്ക് ബ്രാഞ്ചുകൾ നിലവിൽ പ്രവർത്തിക്കുന്നു കൂടാതെ എല്ലാ പഞ്ചായത്തുകളിലും പ്രാഥമിക സഹകരണ ബാങ്കുകളും പ്രവർത്തിച്ചു വരുന്നു .

ജില്ലയിലെ സംരംഭക സാധ്യതകൾ

**ഉല്പാദന മേഖല**

1. ഭക്ഷ്യ സംസ്കരണം (ഉദാ. വെളിച്ചെണ്ണ,എള്ളെണ്ണ,ബേക്കറി ഉല്പന്നങ്ങൾ)
2. നെല്ലുൽപന്നങ്ങൾ (ഉദാ . അവൽ,അരി ,അരിപ്പൊടി)
3. വസ്ത്ര നിർമ്മാണം
4. എഞ്ചിനീയറിംഗ് വർക്ഷോപ്പുകൾ

5. മരാധിഷ്ഠിത വ്യവസായം,
6. പ്രിൻറിംഗ്
7. കൈത്തറി ഉത്പന്നങ്ങൾ
8. കയർ ഉത്പന്നങ്ങൾ
9. കരകൗശല ഉത്പന്നങ്ങൾ (ഉദാ. മുള,ഈറ,ചൂരൽ,ചിരട്ട ഉല്പന്നങ്ങൾ)
10. ഇലക്ട്രോണിക്സ്
11. ഫാബ്രിക്കേഷൻ
12. പാലുല്പന്നങ്ങൾ
13. കടൽ കായൽ ഉത്പന്നങ്ങൾ (മത്സ്യവും ഇതര ഉല്പന്നങ്ങളും)
14. ബിൽഡിംഗ് മെറ്റീരിയൽസ്
15. ബിൽഡിംഗ് ഇന്റീരിയർ ഡിസൈൻ
16. ടയർ റീട്രെഡിങ് യൂണിറ്റുകൾ
17. കോൾഡ് സ്റ്റോറേജ് ഗോഡൗണുകൾ
18. കുപ്പിവെള്ളം / സോഡാ നിർമ്മാണ യൂണിറ്റുകൾ
19. ചെമ്മീൻ പീലിംഗ്
20. കെട്ടുവള്ളം നിർമ്മാണം
21. ഓട്ടുപാത്ര നിർമ്മാണം
22. കശുവണ്ടി സംസ്കരണം
23. ഓക്സിജൻ/നൈട്രജൻ പ്ലാന്റ്,

**സേവന മേഖല**

1. ടൂറിസം
2. DTP - ഓൺലൈൻ സർവീസ് സെന്ററുകൾ
3. മൊബൈൽ ഫോൺ സർവീസ് സെന്ററുകൾ
4. ബ്യൂട്ടി പാർലറുകൾ
5. ഓട്ടോമൊബൈൽ വർക്ഷോപ്പുകൾ
6. കോൾഡ് സ്റ്റോറേജ് ഗോഡൗണുകൾ
7. റീപാക്കിങ് യൂണിറ്റുകൾ
8. ആയുർവേദം
9. കമ്പ്യൂട്ടർ സർവീസും വില്പനയും
10. കെട്ടുവള്ളം റിപ്പയറിങ്
11. ഫോട്ടോഗ്രഫി ആന്റ് വീഡിയോഗ്രഫി

12. ഹയറിംഗ് സർവീസ്
13. കാറ്ററിംഗ് സർവീസ്
14. ടെയിലറിംഗ്

**ജില്ലയിലെ പ്രധാന ഓഫീസുകളുടെ മേൽ വിലാസം**

1. ജില്ലാ വ്യവസായ കേന്ദ്രം,മുംതാസ് ബിൽഡിംഗ്,ഗവ.ഗസ്റ്റ് ഹൗസിനു സമീപം, കളപ്പുര, ആലപ്പുഴ
2. താലൂക്ക് വ്യവസായ ഓഫീസ്, അമ്പലപ്പുഴ, മുംതാസ് ബിൽഡിംഗ്, ഗവ.ഗസ്റ്റ് ഹൗസിനു സമീപം,കളപ്പുര,ആലപ്പുുഴ
3. താലൂക്ക് വ്യവസായ ഓഫീസ്, മിനി സിവിൽ സ്റ്റേഷൻ,ചേർത്തല
4. താലൂക്ക് വ്യവസായ ഓഫീസ്, മിനി സിവിൽ സ്റ്റേഷൻ,ചെങ്ങന്നൂർ
5. താലൂക്ക് വ്യവസായ ഓഫീസ്, മിനി സിവിൽ സ്റ്റേഷൻ, മങ്കൊമ്പ്, കുട്ടനാട്
6. താലൂക്ക് വ്യവസായ ഓഫീസ്,കാർത്തികപ്പള്ളി, നാലാം നില,റവന്യൂ ടവർ, ഹരിപ്പാട്
7. ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് , നാലാം നില,മിനി സിവിൽ സ്റ്റേഷൻ, ആലപ്പുഴ
8. ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ,സിവിൽ സ്റ്റേഷൻ ,ചെങ്ങന്നൂർ
9. ജില്ലാ മെഡിക്കൽ ഓഫീസ്,ഒന്നാം നില,ശോഭ കോംപ്ലക്സ്, പി.എച്ച് വാർഡ്, ആലപ്പുഴ
10. ഡ്രഗ്സ് കൺട്രോൾ ഡിപ്പാട്ടുമെന്റ്, മുല്ലയ്ക്കൽ, ആലപ്പുഴ
11. മൈനിംഗ് ആന്റ് ജിയോളജി,കൈതവന, സനാതനപുരം, ആലപ്പുഴ
12. കുടുംബശ്രീ ജില്ലാ മിഷൻ,കമ്പിവളപ്പ്, ആലുശ്ശേരി വാർഡ്, ആലപ്പുഴ
13. എക്സൈസ് ഡിവിഷൻ ഓഫീസ്, എക്സൈസ് കോംപ്ലക്സ്, ഇരുമ്പുപാലം, ആലപ്പുഴ
14. മലിനീകരണ നിയന്ത്രണ ബോർഡ്, ജില്ലാ കോടതിക്ക് സമീപം, ആലപ്പുഴ
15. ജില്ലാ ഠൗൺ പ്ലാനിംഗ് ഓഫീസ്, സിവിൽ സ്റ്റേഷൻ,ആലപ്പുഴ
16. പിന്നോക്ക വികസന കോർപറേഷൻ, സൗമ്യ കോംപ്ലക്സ്, പാലസ്റോഡ്,വെള്ളക്കിണർ, ആലപ്പുഴ
17. ജില്ലാ എംപ്ലോയ്മെന്റ് ഓഫീസ്, മിനി സിവിൽ സ്റ്റേഷൻ,ആലപ്പുഴ

18. നോർക്ക റൂട്സ് സെൽ, സവിൽ സ്റ്റേഷൻ അനക്സ്, ആലപ്പുഴ
19. ജില്ലാ പട്ടികജാതി വികസന ഓഫീസ്, കിടങ്ങാമ്പറമ്പ്, തത്ത മ്പള്ളി, ആലപ്പുഴ
20. വനിത വികസന കോർപറേഷൻ, എം.എം.ബിൽഡിംഗ്, രണ്ടാം നില,കല്ലുപാലം, ആലപ്പുഴ
21. ജില്ലാ ലേബർ ഓഫീസ്, തോണ്ടൻകുളങ്ങര, തത്തംപള്ളി, ആലപ്പുഴ
22. ജില്ലാ ഫുഡ് സേഫ്റ്റി ഓഫീസ്, ബസാർ,ബീച്ച് റോഡ്, ആലപ്പുഴ
23. വാട്ടർ ടെസ്റ്റിംഗ് ലാബ്,ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, കളർകോട്, സനാതനപുരം, ആലപ്പുഴ

# സംരംഭക സാധ്യതാ മേഖലകൾ

## കോട്ടയം

കേരളത്തിലെ വ്യവസായ സംരംഭങ്ങളിൽ അധികവും ഭക്ഷ്യ സംസ്കരണം, എഞ്ചിനീയറിംഗ്, റബർ, വസ്ത്ര നിർമാണം, ആയുർവേദം, ഐ.ടി, സേവനം  മുതലായ മേഖലകളിലാണ് കാണപ്പെടുന്നത്. പൊതുമേഖലാ സ്ഥാപനങ്ങൾ  അധികമുള്ളതും മാനവവിഭവശേഷി അധികമുള്ളതിനാലും കേരളത്തിൽ പുതു തലമുറ നൂതന സംരംഭങ്ങൾ ധാരാളം ആരംഭിക്കുവാനുള്ള സാധ്യത ഉണ്ട്. കേരളത്തിലെ ഈ പ്രത്യേക സാഹചര്യം കണക്കിലെടുത്തു ഓരോ ജില്ലകൾക്കും സാധ്യത ഉള്ള ഉത്പന്നങ്ങൾക്ക് ODOP എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്രസംസ്ഥാന സർക്കാരുകൾ സബ്സിഡിയും നൽകി വരുന്നു .

കോട്ടയം ജില്ലയിൽ റബ്ബർ ഷീറ്റ് (നാച്വറൽ റബ്ബർ സ്വാഭാവിക റബ്ബർ) /ലാറ്റക്സിന്റെ ലഭ്യത ഏറ്റവുമധികം ഉള്ളതിനാൽ റബ്ബറുമായി ബന്ധപ്പെട്ട സംരംഭങ്ങൾക്ക് സാധ്യതയുണ്ട്. ജില്ലയിലെ റബ്ബർ സംരംഭകർക്ക് ചങ്ങനാശ്ശേരിയിലെ നാച്വറൽ റബ്ബർ ക്ലസ്റ്ററിന്റെ കോമൺ ഫെസിലിറ്റി സെന്ററിന്റെ സേവനങ്ങൾ ലഭ്യമാക്കാവുന്നതാണ്. കൂടാതെ റബ്ബർ റിസർച്ച് ഇൻസ്റ്റിസ്റ്റ്യൂട്ട് ഓഫ് ഇൻഡ്യ കോട്ടയത്ത് ഉള്ളതിനാൽ അതിന്റെ സേവനവും റബ്ബർ അധിഷ്ഠിത യൂണിറ്റുകൾക്ക് ഉപയോഗപ്പെടുത്താവുന്നതാണ്.   കോട്ടയം ജില്ലയിൽ സുഗന്ധവ്യഞ്ജനങ്ങളുടെ ഉല്പാദനം നല്ല രീതിയിൽ ഉള്ളതിനാൽ അതുമായി ബന്ധപ്പെട്ട സംരംഭങ്ങൾക്കും സാധ്യതയുണ്ട്. മരച്ചീനി, തെങ്ങ്, പൈനാപ്പിൾ തുടങ്ങിയവയുടെ കൃഷി കോട്ടയം ജില്ലയുടെ ചില ഭാഗങ്ങളിൽ നല്ല രീതിയിൽ ഉള്ളതിനാൽ അതുമായി ബന്ധപ്പെട്ട സംരംഭങ്ങൾക്കും കയർ സംരംഭങ്ങൾക്കും സാധ്യതയുണ്ട്.  വൈക്കം കേന്ദ്രീകരിച്ച് തഴപ്പായ യൂണിറ്റുകൾക്കും സാധ്യതയുണ്ട്. കോട്ടയം ജില്ലയിൽ ഭക്ഷ്യോത്പാദന യൂണിറ്റകളാണ് കൂടുതൽ പ്രവർത്തിക്കുന്നത്.  അച്ചടി മേഖലയിൽ മുന്നിട്ടുനിൽക്കുന്ന ജില്ലയായതിനാൽ അച്ചടിയുമായി ബന്ധപ്പെട്ട സംരംഭങ്ങൾക്കും സാധ്യതയുണ്ട്. ജനറൽ എഞ്ചിനീയറിംഗ് മേഖലയിലും സംരംഭങ്ങൾക്കുള്ള സാധ്യതകൾ ധാരാളം ഉണ്ട്.

**അടിസ്ഥാന സൗകര്യം**

മികച്ച റോഡുകൾ, പൊതുഗതാഗതം, റെയിൽവേ കണക്റ്റിവിറ്റി, ഉൾനാടൻ ജലഗതാഗതം കോട്ടയം പോർട്ട് മുതലായവ കോട്ടയം ജില്ലയിൽ വ്യവസായ അനുകൂല ഘടകങ്ങളാണ് .

### അസംസ്കൃത വസ്തുക്കളുടെ ലഭ്യത

കൃഷി, കന്നുകാലി വളർത്തൽ, സുഗന്ധവ്യഞ്ജനങ്ങൾ, റബ്ബർ, വനവിഭവങ്ങൾ, തോട്ടവിളകൾ, കായൽ വിഭവങ്ങൾ എന്നിവ ധാരാളമായി ഉള്ള ജില്ലയായതിനാൽ ഇത്തരം വിഭവങ്ങൾ അസംസ്കൃത വസ്തുക്കളായ സംരംഭങ്ങൾക്ക് സാധ്യത വളരെ അധികമാണ്

### പരിശീലന സ്ഥാപനങ്ങൾ

1. DIC, Nagampadam
2. Mangalam business incubator, Vettimugal
3. CFSC, Changanessery
4. Assumption business incubation centre, Changanessery
5. Amaljyothi engineering college, Kanjirapally
6. RSETI, Thirunakkara
7. National Rubber Research Institute, Puthupally
8. KVK, Kumarakam
9. RIT, Pampady
10. RRII Training Division

### പൊതു/സ്വകാര്യ മേഖല സ്ഥാപനങ്ങൾ

Kerala Paper Products Ltd. (Hindustan News Print), Travancore Cements, Cochin Cements, MRF Limited, Canara Paper Mills, RUBCO, Paragon, MIDAS മുതലായ പൊതുമേഖല/സ്വകാര്യ മേഖല സ്ഥാപനങ്ങളും ഉള്ളതിനാൽ ധാരാളം അനുബന്ധ സ്ഥാപനങ്ങൾക്ക് സാധ്യത കൂടുതലാണ്.

### ധനകാര്യ സ്ഥാപനങ്ങൾ

ജില്ലയിൽ പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമായി **458** ബ്രാഞ്ചുകൾ നിലവിൽ പ്രവർത്തിക്കുന്നു കൂടാതെ എല്ലാ പഞ്ചായത്തുകളിലും പ്രാഥമിക സഹകരണ ബാങ്കുകളും പ്രവർത്തിച്ചു വരുന്നു .

### ജില്ലയിലെ സംരംഭക സാധ്യതകൾ

### ഉല്പാദന മേഖല

1. ഭക്ഷ്യ സംസ്കരണം
2. വസ്ത്ര നിർമ്മാണം
3. എഞ്ചിനീയറിംഗ് വർക്ഷോപ്പുകൾ
4. മരാധിഷ്ഠിത വ്യവസായം,
5. പ്രിൻറിംഗ്
6. കൈത്തറി ഉത്പന്നങ്ങൾ
7. കയർ ഉത്പന്നങ്ങൾ
8. കരകൗശല ഉത്പന്നങ്ങൾ
9. ഫാബ്രിക്കേഷൻ
10. പാലുല്പന്നങ്ങൾ
11. റബ്ബർ ഉത്പന്നങ്ങൾ
12. ബിൽഡിംഗ് മെറ്റീരിയൽസ്
13. ബിൽഡിംഗ് ഇന്റീരിയർ ഡിസൈൻ
14. ടയർ റീട്രെഡിങ് യൂണിറ്റുകൾ
15. സുഗന്ധവ്യഞ്ജനങ്ങൾ
16. കുപ്പിവെള്ളം/സോഡാ നിർമ്മാണ യൂണിറ്റുകൾ
17. വന വിഭവങ്ങൾ
18. പുൽത്തൈലം
19. തോട്ടവിള ഉത്പന്നങ്ങൾ
20. മൽസ്യവിഭങ്ങൾ
21. തഴപ്പായ

**സേവന മേഖല**

1. ടൂറിസം
2. DTP - ഓൺലൈൻ സർവീസ് സെന്ററുകൾ
3. മൊബൈൽ ഫോൺ സർവീസ് സെന്ററുകൾ
4. ബ്യൂട്ടി പാർലറുകൾ
5. ഓട്ടോമൊബൈൽ വർക്ഷോപ്പുകൾ
6. കമ്പ്യൂട്ടർ സെർവീസും വില്പനയും
7. റീപാക്കിങ് യൂണിറ്റുകൾ
8. ആയുർവേദം

# സംരംഭക സാധ്യതാ മേഖലകൾ

## ഇടുക്കി

കേരളത്തിലെ വ്യവസായ സംരംഭങ്ങളിൽ അധികവും ഭക്ഷ്യ സംസ്കരണം, എഞ്ചിനീയറിംഗ്, റബ്ബർ, റെഡിമെയ്ഡ് വസ്ത്ര നിർമാണം, ആയുർവേദം, ഐ ടി, സേവന സംരംഭങ്ങൾ മുതലായ മേഖലകളിലാണ് കാണപ്പെടുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ സാന്നിദ്ധ്യവും നിലവാരമുള്ള മാനവവിഭവശേഷിയുടെ ലഭ്യതയും കേരളത്തിൽ പുതു തലമുറ നൂതന സംരംഭങ്ങൾ ധാരാളം ആരംഭിക്കുവാനുള്ള സാധ്യത സൃഷ്ടിക്കുന്നു. കേരളത്തിലെ ഈ പ്രത്യേക സാഹചര്യം കണക്കിലെടുത്തു കേന്ദ്ര സംസ്ഥാന സർക്കാരുകളുടേതായ വിവിധ സംരംഭകത്വ പ്രോത്സാഹന പദ്ധതികളാണ് സംസ്ഥാനത്ത് ഇപ്പോൾ നടന്നുവരുന്നത്. ഭക്ഷ്യസംസ്കരണ മേഖലയിൽ ഓരോ ജില്ലകൾക്കും സാധ്യത ഉള്ള ഉത്പന്നങ്ങൾക്ക് ഒരു ജില്ല ഒരു ഉൽപ്പന്നം (One District One Product - ODOP) എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസംസ്ഥാന സർക്കാരുകൾ സബ്സിഡിയും നൽകി വരുന്നു .

**അടിസ്ഥാന സൗകര്യം**

മികച്ചറോഡുകൾ, പൊതുഗതാഗതം, സ്ഥല ലഭ്യതമുതലായവഇടുക്കി ജില്ലയിൽവ്യവസായഅനുകൂലഘടകങ്ങളാണ്

**അസംസ്കൃത വസ്തുക്കളുടെ ലഭ്യത**

കാർഷിക ഉത്പന്നങ്ങൾ, തോട്ടവിളകൾ , കന്നുകാലിവളർത്തൽ, റബ്ബർ എന്നിവ ധാരാളമായി ഉള്ള ജില്ലയായതിനാൽ ഇത്തരം വിഭവങ്ങൾ അസംസ്കൃതവസ്തുക്കളായ സംരംഭങ്ങൾക്കു സാധ്യത വളരെ അധികമാണ്.

**പരിശീലന സ്ഥാപനങ്ങൾ**

1. DIC, ചെറുതോണി
2. RSETI
3. Indian cardamom research Institute, വണ്ടൻമേട്
4. KVK

## ധനകാര്യ സ്ഥാപനങ്ങൾ

ജില്ലയിൽപൊതുമേഖലയിലുംസ്വകാര്യമേഖലയിലുമായി242 ബ്രാഞ്ചുകൾനിലവിൽപ്രവർത്തിക്കുന്നുകൂടാതെഎല്ലാപഞ്ചായത്തുകളിലുംപ്രാഥമികസഹകരണബാങ്കുകളുംപ്രവർത്തിച്ചുവരുന്നു .

## ജില്ലയിലെസംരംഭകസാധ്യതകൾ

### ഉല്പാദനമേഖല

1. ഭക്ഷ്യ സംസ്കരണം
2. തേയില, കാപ്പി
3. സുഗന്ധ വ്യഞ്ജനങ്ങൾ
4. ശർക്കര
5. വസ്ത്രനിർമ്മാണം
6. എഞ്ചിനീയറിംഗ് വർക്ക്ഷോപ്പുകൾ
7. മരാധിഷ്ഠിത വ്യവസായം,
8. പ്രിൻറിംഗ്
9. കരകൗശല ഉത്പന്നങ്ങൾ
10. ഫാബ്രിക്കേഷൻ
11. പാലുല്പന്നങ്ങൾ
12. റബ്ബർ ഉത്പന്നങ്ങൾ
13. ബിൽഡിംഗ് മെറ്റീരിയൽസ്
14. ബിൽഡിംഗ് ഇന്റീരിയർ ഡിസൈൻ
15. ടയർ റീട്രെയ്ഡിങ് യൂണിറ്റുകൾ
16. കുപ്പിവെള്ളം / സോഡാനിർമ്മാണയൂണിറ്റുകൾ
17. വനവിഭവങ്ങൾ
18. പുൽത്തൈലം

### സേവനമേഖല

1. ടൂറിസം
2. DTP - ഓൺലൈൻ സർവ്വീസ് സെന്ററുകൾ
3. മൊബൈൽഫോൺ സർവ്വീസ് സെന്ററുകൾ
4. ബ്യൂട്ടിപാർലറുകൾ
5. ഓട്ടോമൊബൈൽ വർക്ക്ഷോപ്പുകൾ

6. കമ്പ്യൂട്ടർസെർവീസും വില്പനയും
7. ലോജിസ്റ്റിക്സ് സപ്ലൈചെയിൻ മാനേജ്മെന്റ്
8. റീപാക്കിങ്ങ് യൂണിറ്റുകൾ
9. ആയുർവേദം

# സംരംഭക സാധ്യതാ മേഖലകൾ

## എറണാകുളം

കേരളത്തിലെ വ്യവസായ സംരംഭങ്ങളിൽ അധികവും ഭക്ഷ്യ സംസ്കരണം, എഞ്ചിനീയറിംഗ്, റബ്ബർ, റെഡിമെയ്ഡ് വസ്ത്ര നിർമാണം, ആയുർവേദം, ഐ ടി, സേവന സംരംഭങ്ങൾ മുതലായ മേഖലകളിലാണ് കാണപ്പെടുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ സാന്നിദ്ധ്യവും നിലവാരമുള്ള മാനവവിഭവശേഷിയുടെ ലഭ്യതയും കേരളത്തിൽ പുതു തലമുറ നൂതന സംരംഭങ്ങൾ ധാരാളം ആരംഭിക്കുവാനുള്ള സാധ്യത സൃഷ്ടിക്കുന്നു. കേരളത്തിലെ ഈ പ്രത്യേക സാഹചര്യം കണക്കിലെടുത്തു കേന്ദ്ര സംസ്ഥാന സർക്കാരുകളുടേതായ വിവിധ സംരംഭകത്വ പ്രോത്സാഹന പദ്ധതികളാണ് സംസ്ഥാനത്ത് ഇപ്പോൾ നടന്നുവരുന്നത്. ഭക്ഷ്യസംസ്കരണ മേഖലയിൽ ഓരോ ജില്ലകൾക്കും സാധ്യത ഉള്ള ഉത്പന്നങ്ങൾക്ക് ഒരു ജില്ല ഒരു ഉൽപ്പന്നം (One District One Product - ODOP) എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസംസ്ഥാന സർക്കാരുകൾ സബ്സിഡിയും നൽകി വരുന്നു.

സുദീർഘമായ ഒരു പൈതൃകത്തിന്റെയും അന്താരാഷ്ട്ര പെരുമയുള്ള വ്യവസായ വാണിജ്യ വികസനത്തിന്റെയും കേന്ദ്രമാണ് എറണാകുളം. പുറംനാട്ടുകാർക്ക് എറണാകുളം എന്നാൽ അറബിക്കടലിന്റെ റാണിയായ കൊച്ചിയുടെ ഹൃദയ ഭാഗമാണ്. ജനനിബിഡമായ എറണാകുളം ജില്ല സാക്ഷരതയിലും വാണിജ്യ വ്യവസായങ്ങളിലും കേരളം ആർജ്ജിച്ച നേട്ടങ്ങളെ പ്രതിനിധീകരിക്കുന്നു. സംസ്ഥാനത്തിന്റെ വരുമാന നിർണ്ണയത്തിൽ ഭൂരിഭാഗവും എറണാകുളം ജില്ലയിലെ വ്യവസായ മേഖലയിൽ നിന്നാണ്. എന്തും ഉൾക്കൊള്ളുന്ന ഒരു സാംസ്കാരിക കാലാവസ്ഥയും താരമ്യേന ഉയർന്ന പ്രതിശീർഷ വരുമാനവും ലോകഗതിക്കനുസരിച്ച് സ്വയം സന്നദ്ധമായ ജനപദവും ചേരുമ്പോൾ എറണാകുളം ഇന്ന് കേരള സമൂഹത്തിന്റെ ഏറ്റവും ആധുനികമായ ഒരു കാലയളവിലെ പ്രതിനിധാനം ചെയ്യുന്നു.

### അടിസ്ഥാന സൗകര്യം

മികച്ചറോഡുകൾ, പൊതുഗതാഗതം, റെയിൽവേ, എയർപോർട്ട്, തുറമുഖം, കണ്ടെയ്നർ ടെർമിനൽ, ഉൾനാടൻ ജലഗതാഗതം, സ്ഥല ലഭ്യതമുതലായവ എറണാകുളം ജില്ലയിൽ വ്യവസായ അനുകൂലഘടകങ്ങളാണ്

### അസംസ്കൃത വസ്തുക്കളുടെ ലഭ്യത

കൃഷി, തോട്ടവിളകൾ, കന്നുകാലിവളർത്തൽ, റബ്ബർ, വനവിഭവങ്ങൾ, സമുദ്രോത്പന്നങ്ങൾ എന്നിവ ധാരാളമായി ഉള്ള ജില്ലയായതിനാൽ ഇത്തരം വിഭവങ്ങൾ അസംസ്കൃതവസ്തുക്കളായ സംരംഭങ്ങൾക്ക് സാധ്യത വളരെ അധികമാണ്.

### പരിശീലന സ്ഥാപനങ്ങൾ

1. DIC
2. RSETI
3. Technology Buisiness Incubation Centre
4. Kerala Technology innovation zone
5. KRIBS- Bionest
6. STIC, Agro park
7. KSIDC business incubation centre
8. Techno lodge Kakkoor
9. KIED
10. Food craft Institute
11. TocH Engineering college
12. IEDC Model Engineering college
13. Rajagiri school of Engineering
14. AMPRS, Odakkali

### വൻകിട പൊതു – സ്വകാര്യ മേഖല സ്ഥാപനങ്ങൾ

Fertilizers And Chemicals Travancore Limited, Indian Rare Earths, Hindustan Insecticide Limited, Hindustan Machine Tools, Travancore Cochin Chemicals, Bharath Petroleum Company Limited, Hindustan Petroleum Company Limited, Hindustan Organic Company, Nadukara Agro Processing Vazhakulam, COCHIN SHIPYARD, Transformers and Electrical Kerala Limited, Kerala Electricals And Allied Engineering Company Ltd., HINDALCO, BSES, Forest Industries Travancore Limited, Kerala State Bamboo Corp. Ltd., Kerala Ayurveda Pharmacy Limited , Hindustan Liver Ltd, Kerala State Rubber Co-Op. Rubber

Marketing Ltd, Spices Board , Kerala Chemicals & Proteins Ltd, Kerala Books And Publishing society, Apollo Tyres മുതലായ വൻകിട പൊതു-സ്വകാര്യ മേഖലാ സ്ഥാപനങ്ങൾ ഉള്ളതിനാൽ ധാരാളം അനുബന്ധ സംരംഭങ്ങൾക്ക് സാധ്യത കൂടുതലാണ്.

**ധനകാര്യ സ്ഥാപനങ്ങൾ**

ജില്ലയിൽ പൊതുമേഖലയിലും സ്വകാര്യമേഖലയിലുമായി 1070 ബ്രാഞ്ചുകൾ നിലവിൽ പ്രവർത്തിക്കുന്നു കൂടാതെ എല്ലാ പഞ്ചായത്തുകളിലും പ്രാഥമിക സഹകരണബാങ്കുകളും പ്രവർത്തിച്ചുവരുന്നു.

## ജില്ലയിലെ സംരംഭക സാധ്യതകൾ

**ഉല്പാദനമേഖല**

1. ഭക്ഷ്യസംസ്കരണം
2. പൈനാപ്പിൾ
3. തേയില, കാപ്പി
4. നെല്ലും മൂല്യവർധിത ഉത് പന്നങ്ങളും
5. IT sector
6. സുഗന്ധവ്യഞ്ജനങ്ങൾ
7. സമുദ്രോത് പന്നങ്ങൾ
8. പ്ലൈവുഡ്
9. വസ്ത്രനിർമ്മാണം
10. എഞ്ചിനീയറിംഗ് വർക്ക് ഷോപ്പുകൾ
11. മരാധിഷ്ഠിത വ്യവസായം,
12. പ്രിൻറിംഗ്
13. കരകൗശല ഉത് പന്നങ്ങൾ
14. ഫാബ്രിക്കേഷൻ
15. പാലുല്പന്നങ്ങൾ
16. റബ്ബർഉത് പന്നങ്ങൾ
17. ബിൽഡിംഗ് മെറ്റീരിയൽസ്
18. ബിൽഡിംഗ് ഇന്റീരിയർഡിസൈനിംഗ്
19. ടയർ റീത്രെഡ്ഡിംഗ് യൂണിറ്റുകൾ
20. കുപ്പിവെള്ളം / സോഡാനിർമ്മാണയൂണിറ്റുകൾ
21. വനവിഭവങ്ങൾ

22. കെമിക്കൽ ഉത്പന്നങ്ങൾ
23. തുറമുഖ അനുബന്ധ വ്യവസായങ്ങൾ
24. ബോട്ട് നിർമാണം
25. Rosary Articles
26. പ്ലാസ്റ്റിക് ഉത്പന്നങ്ങൾ
27. കാർട്ടൺ ബോക്സുകൾ

**സേവനമേഖല**

1. ടൂറിസം

DTP - ഓൺലൈൻസർവീസ്സെന്ററുകൾ

2. മൊബൈൽ ഫോൺ സർവീസ് സെന്ററുകൾ
3. ബ്യൂട്ടിപാർലറുകൾ
4. ഓട്ടോമൊബൈൽ വർക്ക് ഷോപ്പുകൾ
5. കോൾഡ് സ്റ്റോറേജ് ഗോഡൗണുകൾ
6. മെഡിക്കൽ ഉപകരണങ്ങളുടെ സർവ്വീസും വില്പനയും
7. കമ്പ്യൂട്ടർ സെർവീസും വില്പനയും
8. ലോജിസ്റ്റിക്സ് സപ്ലൈചെയിൻ മാനേജ്മന്റ്
9. റീപാക്കിങ്ങ് യൂണിറ്റുകൾ
10. ആയുർവേദം

# സംരംഭക സാധ്യതാ മേഖലകൾ

## തൃശ്ശൂർ

കേരളത്തിലെ വ്യവസായ സംരംഭങ്ങളിൽ അധികവും ഭക്ഷ്യ സംസ്കരണം, എഞ്ചിനീയറിംഗ്, റബ്ബർ, റെഡിമെയ്ഡ് വസ്ത്ര നിർമാണം, ആയുർവേദം, ഐ ടി, സേവന സംരംഭങ്ങൾ മുതലായ മേഖലകളിലാണ് കാണപ്പെടുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ സാന്നിദ്ധ്യവും നിലവാരമുള്ള മാനവവിഭവശേഷിയുടെ ലഭ്യതയും കേരളത്തിൽ പുതു തലമുറ നൂതന സംരംഭങ്ങൾ ധാരാളം ആരംഭിക്കുവാനുള്ള സാധ്യത സൃഷ്ടിക്കുന്നു. കേരളത്തിലെ ഈ പ്രത്യേക സാഹചര്യം കണക്കിലെടുത്തു കേന്ദ്ര സംസ്ഥാന സർക്കാരുകളുടേതായ വിവിധ സംരംഭകത്വ പ്രോത്സാഹന പദ്ധതികളാണ് സംസ്ഥാനത്ത് ഇപ്പോൾ നടന്നുവരുന്നത്. ഭക്ഷ്യസംസ്കരണ മേഖലയിൽ ഓരോ ജില്ലകൾക്കും സാധ്യത ഉള്ള ഉത്പന്നങ്ങൾക്ക് ഒരു ജില്ല ഒരു ഉൽപ്പന്നം (One District One Product - ODOP) എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസംസ്ഥാന സർക്കാരുകൾ സബ്സിഡിയും നൽകി വരുന്നു.

കേരള സംസ്ഥാനത്തിന്റെ സാംസ്കാരിക തലസ്ഥാനമായ തൃശ്ശൂർ ജില്ലയുടെ സാമ്പത്തിക വളർച്ചയ്ക്ക് ചെറുകിട വ്യവസായ മേഖല വലിയ സംഭാവനയാണ് നൽകി വരുന്നത്. വ്യാവസായികമായി മുന്നിൽ നിൽക്കുന്ന ഒരു ജില്ലയാണ് തൃശ്ശൂർ. ചെറുകിട വ്യവസായ സംരംഭങ്ങളുടെ എണ്ണത്തിൽ സംസ്ഥാനത്ത് തൃശ്ശൂർ ജില്ലയ്ക്ക് രണ്ടാം സ്ഥാനമാണുള്ളത്. ജില്ലയിൽ വ്യവസായത്തിനും, വ്യാപാരത്തിനും, അനുബന്ധ തൊഴിലുകൾക്കുമാണ് മുൻതൂക്കം നൽകുന്നത്. തൃശ്ശൂരിലെ ആഭരണ നിർമ്മാണം, ചൊവ്വൂരിലെ ഫർണ്ണീച്ചർ നിർമ്മാണം, പാരമ്പര്യ വസ്ത്രനിർമ്മാണത്തിന് ഭൗമ സൂചികാ പദവി ലഭിച്ച കുത്താമ്പുള്ളി കൈത്തറി, കുന്നംകുളത്തെ നോട്ട് പുസ്തക നിർമ്മാണം, പ്ലാസ്റ്റിക് അധിഷ്ഠിത സംരംഭങ്ങൾ, കാർഷിക-ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾ എന്നിവ ജില്ലയിലെ പ്രധാന വ്യവസായങ്ങളാണ്.

ശക്തമായ വ്യവസായ അടിത്തറ ജില്ലയിൽ ഉണ്ടാകുന്നതിന് കാരണം കേരളത്തിന്റെ കൃഷിയും, പ്രകൃതി വിഭവങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്ന വ്യവസായങ്ങളുമാണ്. ജില്ലയിൽ ഗണ്യമായ മത്സ്യ, വന വിഭവ ശേഖരമുണ്ട്. ഇത്തരം അസംസ്കൃത വസ്തുക്കൾ സംസ്കരിച്ച് മൂല്യവർദ്ധിത ഉൽപന്നങ്ങളാക്കി മാറ്റാവുന്നതാണ്. കൃഷി അടിസ്ഥാനപ്പെടുത്തിയുള്ള ഉൽപന്നങ്ങളുടെ വ്യവസായം ജില്ലയിൽ പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു. പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, മത്സ്യ-മാംസം, നാളികേരം,

ചക്ക, ഏത്തപ്പഴം, മരച്ചീനി എന്നിവയുടെ സംഭരണം, സംസ്കരണം, മൂല്യവർദ്ധിത ഉൽപാദനം എന്നിവക്കുള്ള സാധ്യതകൾ ജില്ലയിലുണ്ട്. ആധുനിക സാങ്കേതിക വിദ്യകളായ ഐ.ടി., ബയോ ടെക്നോളജി, നാനോ ടെക്നോളജി എന്നിവയുടെ ഫലപ്രദമായ ഉപയോഗത്തിലൂടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ, കാർഷിക ഉൽപന്ന സംസ്കരണ സംരംഭങ്ങൾ നടപ്പിലാക്കാൻ കഴിയും.

### അടിസ്ഥാന സൗകര്യം

നാഷണൽ ഹൈവേ, മികച്ച മറ്റു റോഡുകൾ, പൊതുഗതാഗതം, റെയിൽവേ കണക്ടിവിറ്റി, ഉൾനാടൻ ജലഗതാഗതം മുതലായവ തൃശ്ശൂർ ജില്ലയിൽ വ്യവസായ അനുകൂല ഘടകങ്ങളാണ്.

### അസംസ്കൃത വസ്തുക്കളുടെ ലഭ്യത

നെല്ല്, മരച്ചീനി, വാഴപ്പഴം, നാളികേരം, പച്ചക്കറി തുടങ്ങിയ വിളകൾ, കന്നുകാലി വളർത്തൽ, കടൽ വിഭവങ്ങൾ, എന്നിവ ധാരാളമായി ഉള്ള ജില്ലയായതിനാൽ ഇത്തരം വിഭവങ്ങൾ അസംസ്കൃത വസ്തുക്കളായ സംരംഭങ്ങൾക്ക് സാധ്യത വളരെ അധികമാണ്. മരത്തടി, മറ്റ് വനവിഭവങ്ങൾ സുലഭമായതിനാൽ ഈ മേഖലയിൽ സംരംഭക സാധ്യത ഏറെയാണ്.

### പരിശീലന സ്ഥാപനങ്ങൾ

1. മിനി ഇൻക്യുബേഷൻ സെന്റർ, ജില്ലാ വ്യവസായ കേന്ദ്രം, തൃശ്ശൂർ
2. എം.എസ്.എം.ഇ.ഡി.ഐ., അയ്യന്തോൾ
3. ആർ.എസ്.ഇ.ടി.ഐ., വില്ലടം
4. കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി
5. കേരള വന ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട്, പീച്ചി
6. കെയർ കേരളം ലിമിറ്റഡ്, കൊരട്ടി
7. ബനാന റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കണ്ണാറ
8. കാഷ്യൂ റിസർച്ച് സെന്റർ, മാടക്കത്തറ
9. വെറ്റിനറി യൂണിവേഴ്സിറ്റി, മണ്ണുത്തി
10. കില, മുളങ്കുന്നത്തുകാവ്
11. പഞ്ചകർമ്മ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ചെറുതുരുത്തി
12. ജൻ ശിക്ഷൺ സംസ്ഥാൻ, കൊടുങ്ങല്ലൂർ

13. കോട്ടപ്പുറം ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് സൊസൈറ്റി (കിഡ്സ്), കൊടുങ്ങല്ലൂർ

**പൊതുമേഖലാ സ്ഥാപനങ്ങൾ**

1. സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ്, അത്താണി
2. സീതാറാം ടെക്സ്റ്റയിൽസ്, പൂങ്കുന്നം
3. ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ ഓഫ് കേരള (ഔഷധി), കുട്ടനെല്ലൂർ
4. കാർബൊറാണ്ടം യൂണിവേഴ്സൽ, കൊരട്ടി
5. അപ്പോളോ ടയേഴ്സ്, പേരാമ്പ്ര
6. സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിങ്സ് ലിമിറ്റഡ്, അത്താണി,
7. തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിങ് മിൽ, വടക്കാഞ്ചേരി
8. നീറ്റാ ജലാറ്റിൻ ഇന്ത്യ ലിമിറ്റഡ്, കൊരട്ടി
9. കേരള സോൾവെന്റ് എക്സ്ട്രാക്ഷൻ ലിമിറ്റഡ്, ഇരിങ്ങാലക്കുട
10. കേരള ലക്ഷ്മി മിൽ, പുല്ലഴി
11. അളഗപ്പ ടെക്സ്റ്റയിൽസ്, ആമ്പല്ലൂർ
12. കേരള ഫീഡ്സ് ലിമിറ്റഡ്, കല്ലേറ്റുംകര
13. മാള കോ-ഓപ്പറേറ്റീവ് സ്പിന്നിങ് മിൽ, പുത്തൻചിറ.

**ധനകാര്യ സ്ഥാപനങ്ങൾ**

ജില്ലയിൽ പൊതുമേഖലയിലും, സ്വകാര്യ മേഖലയിലുമായി 754 ബ്രാഞ്ചുകൾ നിലവിൽ പ്രവർത്തിക്കുന്നു. കൂടാതെ പഞ്ചായത്തുകളിലും 225 പ്രാഥമിക സഹകരണ ബാങ്കുകളും പ്രവർത്തിച്ചു വരുന്നു.

**ജില്ലയിലെ സംരംഭക സാധ്യതകൾ**

**ഉൽപാദന മേഖല**

1. ഭക്ഷ്യ സംസ്കരണം (പപ്പടം, ഉപ്പേരി)
2. ഐസ് പ്ലാന്റ്
3. വസ്ത്ര നിർമ്മാണം
4. എഞ്ചിനീയറിംഗ് വർക്ക് ഷോപ്പുകൾ (ലൈറ്റ് എഞ്ചിനീയറിംഗ് യൂണിറ്റുകൾ മെഷിനറി ഇൻഫ്രാസ്ട്രെച്ചറിംഗ് യൂണിറ്റുകൾ)

5. മരാധിഷ്ഠിത വ്യവസായം
6. ആയുർവേദ മരുന്നു നിർമ്മാണം
7. പ്ലാസ്റ്റിക് മാനുഫാക്ചറിംഗ്
8. പ്രിന്റിംഗ്
9. കൈത്തറി ഉൽപന്നങ്ങൾ
10. സ്വർണ്ണ വജ്ര ആഭരണ വ്യവസായം
11. കരകൗശല ഉൽപന്നങ്ങൾ (മരാധിഷ്ഠിതം)
12. രാമച്ചം ഉൽപന്നങ്ങൾ
13. തഴപ്പായ
14. ഇലക്ട്രോണിക്സ്
15. ഇലക്ട്രിക്കൽ
16. ഫാബ്രിക്കേഷൻ
17. പാലുൽപന്നങ്ങൾ
18. ബിൽഡിംഗ് മെറ്റീരിയൽസ്
19. ബിൽഡിംഗ് ഇന്റീരിയർ ഡിസൈൻ
20. ടയർ റീട്രെഡിങ് യൂണിറ്റുകൾ/ റബ്ബർ ബേയ്സ്ഡ്
21. കുപ്പി വെള്ളം/ സോഡാ നിർമ്മാണ യൂണിറ്റുകൾ
22. സമുദ്രോൽപങ്ങൾ
23. തേനുൽപന്നങ്ങൾ
24. പ്ലാസ്റ്റിക് റീസൈക്ലിങ്ങ് യൂണിറ്റുകൾ

**സേവന മേഖല**

1. സ്റ്റുഡിയോ
2. ടൂറിസം
3. ഡി.ടി.പി. - ഓൺലൈൻ സർവ്വീസ് സെന്ററുകൾ
4. മൊബൈൽ ഫോൺ സർവ്വീസ് സെന്ററുകൾ
5. ബ്യൂട്ടി പാർലറുകൾ
6. ഓട്ടോമൊബൈൽ വർക്ക് ഷോപ്പുകൾ
7. കമ്പ്യൂട്ടർ സർവ്വീസും വിൽപനയും
8. ലോജിസ്റ്റിക്സ് സപ്ലൈ ചെയിൻ മാനേജ്മെന്റ്
9. റീപാക്കിംഗ് യൂണിറ്റുകൾ

10. ആയുർവേദ റിസോർട്ട്
11. ഇൻഷുറൻസ് ഏജൻസീസ്
12. അഡ്വർടൈസ്മെന്റ് ഏജൻസീസ്

# സംരംഭക സാധ്യതാ മേഖലകൾ

## പാലക്കാട്

കേരളത്തിലെ വ്യവസായ സംരംഭങ്ങളിൽ അധികവും ഭക്ഷ്യ സംസ്കരണം, എഞ്ചിനീയറിംഗ്, റബ്ബർ, റെഡിമെയ്ഡ് വസ്ത്ര നിർമാണം, ആയുർവേദം, ഐ ടി, സേവന സംരംഭങ്ങൾ മുതലായ മേഖലകളിലാണ് കാണപ്പെടുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ സാന്നിദ്ധ്യവും നിലവാരമുള്ള മാനവവിഭവശേഷിയുടെ ലഭ്യതയും കേരളത്തിൽ പുതു തലമുറ നൂതന സംരംഭങ്ങൾ ധാരാളം ആരംഭിക്കുവാനുള്ള സാധ്യത സൃഷ്ടിക്കുന്നു. കേരളത്തിലെ ഈ പ്രത്യേക സാഹചര്യം കണക്കിലെടുത്തു കേന്ദ്ര സംസ്ഥാന സർക്കാരുകളുടേതായ വിവിധ സംരംഭകത്വ പ്രോത്സാഹന പദ്ധതികളാണ് സംസ്ഥാനത്ത് ഇപ്പോൾ നടന്നുവരുന്നത്. ഭക്ഷ്യസംസ്കരണ മേഖലയിൽ ഓരോ ജില്ലകൾക്കും സാധ്യത ഉള്ള ഉത്പന്നങ്ങൾക്ക് ഒരു ജില്ല ഒരു ഉൽപ്പന്നം (One District One Product - ODOP) എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസംസ്ഥാന സർക്കാരുകൾ സബ്സിഡിയും നൽകി വരുന്നു.

കേരളത്തിലെ പതിനാലു ജില്ലകളിൽ തീരദേശമില്ലാത്ത ഒരു ജില്ലയാണ് പാലക്കാട്. 32 മുതൽ 40 കീലോമീറ്റർ വിസ്തൃതിയുള്ള പാലക്കാട് ചുരമാണ് കേരളത്തിന്റെ കവാടം. ഭൂമിശാസ്ത്രപരമായും ചരിത്രപരമായും വിദ്യാഭ്യാസപരമായും വിനോദസഞ്ചാരപരമായും കൂടാതെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിലും വിപുലവും വിസ്തൃതവുമായ സമീപനമാണ് ജില്ല കാഴ്ചവയ്ക്കുന്നത്. പാലക്കാട് ജില്ലയുടെ പ്രധാനമായ സാമ്പത്തിക രംഗം കൃഷിയാണ്. ആയതിനാൽ കേരളത്തിന്റെ കലവറ എന്ന വിശേഷണം ജില്ലയ്ക്കുണ്ട്. മറ്റു ജില്ലകളിൽ നിന്നു വ്യത്യസ്തമായി ധാരാളം കരിമ്പനകൾ ഉള്ളതിനാൽ കരിമ്പനകളുടെ നാട് എന്നുകൂടി വിശേഷിപ്പിക്കുന്നു. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വ്യവസായങ്ങൾ ഉള്ള ജില്ലകളിൽ ഓന്നാണ് പാലക്കാട്.

**ജില്ലയിൽ വ്യവസായ ജാലകം പ്രകാരം**

**നിലവിലുള്ള എംഎസ്എംഇ യൂണിറ്റുകൾ**

| | |
|---|---|
| സൂക്ഷ്മം | എണ്ണം - 10837 |
| | മുതൽമുടക്ക് - 569299.13 ലക്ഷം |
| | തൊഴിൽ ലഭിച്ചത് -38869 |

ചെറുകിട എണ്ണം - 665
മുതൽമുടക്ക് - 325676.76 ലക്ഷം
തൊഴിൽ ലഭിച്ചത് -12901

ഇടത്തരം എണ്ണം - 67
മുതൽമുടക്ക് - 2522860.54 ലക്ഷം
തൊഴിൽ ലഭിച്ചത് - 7817

**ജില്ല ഒറ്റനോട്ടത്തിൽ**

- വിസ്തീർണ്ണം : 4482 sq km
- ജനസംഖ്യ : 2809934
- സാക്ഷരത : 89.31 %
- പോലീസ് സ്റ്റേഷൻ : 34
- ബ്ലോക്കുകൾ : 13
- മുനിസിപ്പാലിറ്റി : 7
- റവന്യൂ ഡിവിഷൻ : 2
- താലൂക്ക് : 7
- പഞ്ചായത്തുകൾ : 88
- വില്ലേജുകൾ : 157

**അടിസ്ഥാന സൗകര്യം**

മികച്ച റോഡുകൾ, പൊതുഗതാഗതം, റെയിൽവേ, സ്ഥല ലഭ്യത മുതലായവ പാലക്കാട് ജില്ലയിൽ വ്യവസായ അനുകൂല ഘടകങ്ങളാണ്.

**അസംസ്കൃത വസ്തുക്കളുടെ ലഭ്യത**

കാർഷിക ഉത്പന്നങ്ങൾ, കന്നുകാലി വളർത്തൽ, റബ്ബർ, വനവിഭവങ്ങൾ എന്നിവ ധാരാളമായി ഉള്ള ജില്ലയായതിനാൽ ഇത്തരം വിഭവങ്ങൾ അസംസ്കൃത വസ്തുക്കളായ സംരംഭങ്ങൾക് സാധ്യത വളരെ അധികമാണ്.

**പരിശീലന സ്ഥാപനങ്ങൾ**

1. DIC

2. RESTI
3. KVK
4. MES College
5. agricultural College, Mannothi

**വൻകിട പൊതു - സ്വകാര്യ മേഖല സ്ഥാപനങ്ങൾ**

United Breweries Ltd, Kanjikode, Paragon Steels (P) Ltd, Kanjikode, Pre-cot Mills, C-Unit, Chandrapuram, Walayar, Malabar Cements Limited, Walayar, Patspin India Ltd, Potadia Nagar, Kanjikode, B.P.L Telecom Limited, chandranagar, Marico Industries Limited, IDA Kanjikode, Instrumentation Limited, Kanjikode, Rubfila International Limited, NIDA Kanjikode, BEML Limited, Kanjikode, ITI Limited, Kanjikode, MILMA, Palakkad DIARY, Kalleppully, Palakkad, M/s Southern Ispat, Kariyankode, Kottayi, M/s Treads Direct Limited, Kariyankode, Kottayi, Steel Industries Limited, Kerala, Steel and Industrial forging Limited മുതലായ വൻകിട പൊതു - സ്വകാര്യ മേഖല സ്ഥാപനങ്ങൾ ഉള്ളതിനാൽ ധാരാളം അനുബന്ധ സ്ഥാപനങ്ങൾക്ക് സാധ്യത കൂടുതലാണ്.

**ധനകാര്യ സ്ഥാപനങ്ങൾ**

ജില്ലയിൽ പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമായി 529 ബ്രാഞ്ചുകൾ നിലവിൽ പ്രവർത്തിക്കുന്നു. കൂടാതെ എല്ലാ പഞ്ചായത്തുകളിലും പ്രാഥമിക സഹകരണ ബാങ്കുകളും പ്രവർത്തിച്ചു വരുന്നു.

**ജില്ലയിലെ സംരംഭക സാധ്യതകൾ ഉല്പാദന മേഖല**

1. ഭക്ഷ്യ സംസ്കരണം
2. നെല്ലും മൂല്യവർധിത ഉത്പന്നങ്ങളും
3. ഹെവി മെറ്റൽ എഞ്ചിനീയറിംഗ്
4. കൃഷി ഉപകരണങ്ങൾ
5. പ്ലൈവുഡ്

6. വസ്ത്ര നിർമ്മാണം
7. എഞ്ചിനീയറിംഗ് വർക്ഷോപ്പുകൾ
8. മരാധിഷ്ഠിത വ്യവസായം
9. പ്രിന്റിംഗ്
10. കരകൗശല ഉത്പന്നങ്ങൾ
11. ഫാബ്രിക്കേഷൻ
12. പാൽ ഉല്പന്നങ്ങൾ
13. ആയുർവേദ ഉത്പന്നങ്ങൾ
14. ബിൽഡിംഗ് മെറ്റീരിയൽസ്
15. ബിൽഡിംഗ് ഇന്റീരിയർ ഡിസൈൻ
16. ടയർ റീട്രേഡിങ് യൂണിറ്റുകൾ
17. കുപ്പിവെള്ളം / സോഡാ നിർമ്മാണ യൂണിറ്റുകൾ
18. വന വിഭവങ്ങൾ
19. കെമിക്കൽ ഉത്പന്നങ്ങൾ
20. പ്രതിരോധ ഉത്പന്നങ്ങൾ
21. റീസൈക്ലിങ് യൂണിറ്റുകൾ
22. അടയ്ക്കാ ഉത്പന്നങ്ങൾ

**സേവന മേഖല**

1. ടൂറിസം
2. DTP - ഓൺലൈൻ സർവീസ് സെന്ററുകൾ
3. മൊബൈൽ ഫോൺ സർവീസ് സെന്ററുകൾ
4. ബ്യൂട്ടി പാർലറുകൾ
5. ഓട്ടോമൊബൈൽ വർക്ഷോപ്പുകൾ
6. കമ്പ്യൂട്ടർ സെർവ്വീസും വില്പനയും
7. ലോജിസ്റ്റിക്സ് സപ്ലൈ ചെയിൻ മാനേജ്മെന്റ്
8. റീപാർക്കിങ് യൂണിറ്റുകൾ

# സംരംഭക സാധ്യതാ മേഖലകൾ

## മലപ്പുറം

കേരളത്തിലെ വ്യവസായ സംരംഭങ്ങളിൽ അധികവും ഭക്ഷ്യ സംസ്കരണം, എഞ്ചിനീയറിംഗ്, റബ്ബർ, റെഡിമെയ്ഡ് വസ്ത്ര നിർമാണം, ആയുർവേദം, ഐ ടി, സേവന സംരംഭങ്ങൾ മുതലായ മേഖലകളിലാണ് കാണപ്പെടുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ സാന്നിദ്ധ്യവും നിലവാരമുള്ള മാനവവിഭവശേഷിയുടെ ലഭ്യതയും കേരളത്തിൽ പുതു തലമുറ നൂതന സംരംഭങ്ങൾ ധാരാളം ആരംഭിക്കുവാനുള്ള സാധ്യത സൃഷ്ടിക്കുന്നു. കേരളത്തിലെ ഈ പ്രത്യേക സാഹചര്യം കണക്കിലെടുത്തു കേന്ദ്ര സംസ്ഥാന സർക്കാരുകളുടേതായ വിവിധ സംരംഭകത്വ പ്രോത്സാഹന പദ്ധതികളാണ് സംസ്ഥാനത്ത് ഇപ്പോൾ നടന്നുവരുന്നത്. ഭക്ഷ്യസംസ്കരണ മേഖലയിൽ ഓരോ ജില്ലകൾക്കും സാധ്യത ഉള്ള ഉത്പന്നങ്ങൾക്ക് ഒരു ജില്ല ഒരു ഉൽപ്പന്നം (One District One Product - ODOP) എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസംസ്ഥാന സർക്കാരുകൾ സബ്സിഡിയും നൽകി വരുന്നു.

സംസ്ഥാനത്തെഏറ്റവും കൂടുതൽ ജനസംഖ്യയുള്ള മലപ്പുറം ജില്ലയിൽ 238779 ഹെക്ടറിൽ വിവിധ വിളകൾ കൃഷി ചെയ്യുന്നു. ഇതിൽ 105381 ഹെക്ടറിൽ തെങ്ങു കൃഷിയാണ്. അതുകൊണ്ട് നാളികേരോത്പന്നങ്ങൾക്കാണ് ജില്ലയിൽ പ്രാധാന്യം നൽകുന്നത്. ആയിരത്തിലധികം നാളികേരോത്പന്ന യൂണിറ്റുകൾ ജില്ലയിൽ പ്രവർത്തിക്കുന്നു. നിലംബുരിനടുത്തുള്ള അരുവാക്കോട് ഗ്രാമം മൺപാത്ര നിർമാണത്തിന്പേരുകേട്ടതാണ്. നിലംബൂർ തേക്കുകൾ ലോകപ്രശസ്തമാണ്. ആയതിനാൽ മാരാധിഷ്ഠിത ഉത്പന്നങ്ങൾക്ക് ജില്ലയിൽ സാധ്യത ഏറെയാണ്. ഏകദേശം നാലായിരത്തോളം മാരാധിഷ്ഠിത ഉല്പന്ന യൂണിറ്റുകൾ ജില്ലയിൽ പ്രവർത്തിക്കുന്നു. നിലംബൂരിനടുത്തുള്ള എടവണ്ണ ഗ്രാമം മാരാധിഷ്ഠിത വ്യവസായത്തിനും,ഉത്പന്നങ്ങൾക്കും പേര് കേട്ടതാണ്. ധാരാളമായി മീൻവളർത്തു കേന്ദ്രങ്ങളുള്ള പൊന്നാനിയിൽ മത്സ്യാധിഷ്ഠിതസംരംഭങ്ങൾക്കും സാധ്യതയേറെയാണ്. കൂടാതെ MECON എന്ന പേരിൽ ജനറൽ എൻജിനീറിങ്ങിലെ ഒരു ക്ലസ്റ്ററും ജില്ലയിൽ പ്രവർത്തിക്കുന്നു. വ്യോമ, റയിൽ, റോഡ്, ജല ഗതാഗതസൗകര്യങ്ങൾ ഏറെയുള്ള ജില്ലയിൽ നിന്നും തനതു ഉത്പന്നങ്ങളുടെകയറ്റുമതിക്ക് സാധ്യത ഏറെയാണ്.

### അടിസ്ഥാനസൗകര്യം

നാഷണൽഹൈവേ, മികച്ചമറ്റുറോഡുകൾ, പൊതുഗതാഗതം, റെയിൽ വേകണക്റ്റിവിറ്റി, എയർപോർട്ട്, ഉൾനാടൻ ജലഗതാഗതം മുതലായവ മലപ്പുറം ജില്ലയിൽ വ്യവസായഅനുകൂലഘടകങ്ങളാണ്.

### അസംസ്കൃത വസ്തുക്കളുടെ ലഭ്യത

നെല്ല്, മരച്ചീനി, വാഴപ്പഴം, നാളികേരം, സുഗന്ധവ്യഞ്ജനങ്ങൾ, എണ്ണ ക്കുരു, തുടങ്ങിയവിളകൾ, കന്നുകാലിവളർത്തൽ, കടൽവിഭവങ്ങൾ, എന്നിവ ധാരാളമായി ഉള്ള ജില്ലയായതിനാൽ ഇത്തരം വിഭവങ്ങൾ അസംസ്കൃതവസ്തുക്കളായ സംരംഭങ്ങൾക്ക് സാധ്യത വളരെയധികമാ ണ്. മരത്തടി, മറ്റു വനവിഭവങ്ങൾ ലഭ്യമായതിനാൽ ഈ മേഖലയിൽ സംരംഭക സാധ്യത ഏറെയാണ്.

### പരിശീലനസ്ഥാപനങ്ങൾ

1. മിനി ഇൻക്യൂബേഷൻ സെന്റർ, ജില്ലാവ്യവസായകേന്ദ്രം
2. RSETI
3. മെക്കോൺ എഞ്ചിനീയറിംഗ് കൺസോർഷ്യം, കാരക്കുന്ന്
4. വള്ളുവനാടൻ റബര് ബോർഡ് കൺസോർഷ്യം
5. മലബാർപേപ്പർ

### പൊതുമേഖലാസ്ഥാപനങ്ങൾ

കേരളാ ഇലക്ട്രോ സെറാമിക് കുറ്റിപ്പുറം, കേരളാ ഇലെക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ്, മലബാർ കോപ്പറേറ്റീവ് സ്പിന്നി ങ്മിൽ, കോട്ടക്കൽ ആര്യ വൈദ്യശാലാ, മാൽക്കോടെക്സ്, കെൽടെക് മുതലായ പൊതു മേഖലാ സ്ഥാപനങ്ങളും വൻകിട സ്വകാര്യസ്ഥാ പനങ്ങളും സഹകരണ സ്ഥാപനങ്ങളും ഉള്ളതിനാൽ ധാരാളം അനു ബന്ധസ്ഥാപനങ്ങൾക്ക് സാധ്യതകൂടുതലാണ്.

### ധനകാര്യസ്ഥാപനങ്ങൾ

ജില്ലയിൽ പൊതുമേഖലയിലും സ്വകാര്യമേഖലയിലുമായി 469 ബാങ്ക് ബ്രാഞ്ചുകൾ നിലവിൽ പ്രവർത്തിക്കുന്നു. കൂടാതെ പഞ്ചായത്തുകളിൽ 68 പ്രാഥമിക സഹകരണബാങ്കുകളും പ്രവർത്തിച്ചുവരുന്നു.

## ജില്ലയിലെ സംരംഭക സാധ്യതകൾ

### ഉല്പാദനമേഖല

1. ഭക്ഷ്യസംസ്കരണം (പപ്പടം, നെല്ല്, വാഴപ്പഴം, നാളികേരം)
2. ഐസ് പ്ലാന്റ്
3. വസ്ത്രനിർമ്മാണം
4. എഞ്ചിനീയറിംഗ് വർക്ക് ഷോപ്പുകൾ
5. മരാധിഷ്ഠിതവ്യവസായം
6. പ്രിൻറിംഗ്
7. കളിമണ്ണ് ഉത്പന്നങ്ങൾ
8. ആയുർവേദ ഉത്പന്നങ്ങൾ
9. കരകൗശല ഉത്പന്നങ്ങൾ
10. അടക്കഉത്പന്നങ്ങൾ
11. ഇലക്ട്രോണിക്സ്
12. ഫാബ്രിക്കേഷൻ
13. പാലുല്പന്നങ്ങൾ
14. ബിൽഡിംഗ് മെറ്റീരിയൽസ് (വെട്ടുകല്ല്)
15. ബിൽഡിംഗ് ഇന്റീരിയർ ഡിസൈൻ
16. ടയർറീട്രെഡിങ്യൂണിറ്റുകൾ
17. കുപ്പിവെള്ളം / സോഡാനിർമ്മാണ യൂണിറ്റുകൾ
18. സമുദ്രോത്പന്നങ്ങൾ
19. റബ്ബർ ഉത്പന്നങ്ങൾ

### സേവനമേഖല

1. ടൂറിസം
2. DTP - ഓൺലൈൻ സർവീസ് സെന്ററുകൾ
3. മൊബൈൽഫോൺ സർവീസ് സെന്ററുകൾ
4. ബ്യൂട്ടിപാർലറുകൾ
5. ഓട്ടോമൊബൈൽ വർക്ക് ഷോപ്പുകൾ
6. കമ്പ്യൂട്ടർ സെർവീസും വില്പനയും
7. ലോജിസ്റ്റിക്സ് സപ്ലൈചെയിൻമാനേജ്മന്റ്
8. റീപാക്കിങ് യൂണിറ്റുകൾ

# സംരംഭക സാധ്യതാ മേഖലകൾ

## കോഴിക്കോട്

കേരളത്തിലെ വ്യവസായ സംരംഭങ്ങളിൽ അധികവും ഭക്ഷ്യ സംസ്കരണം, എഞ്ചിനീയറിംഗ്, റബ്ബർ, റെഡിമെയ്ഡ് വസ്ത്ര നിർമാണം, ആയുർവേദം, ഐ ടി, സേവന സംരംഭങ്ങൾ മുതലായ മേഖലകളിലാണ് കാണപ്പെടുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ സാന്നിദ്ധ്യവും നിലവാരമുള്ള മാനവവിഭവശേഷിയുടെ ലഭ്യതയും കേരളത്തിൽ പുതു തലമുറ നൂതന സംരംഭങ്ങൾ ധാരാളം ആരംഭിക്കുവാനുള്ള സാധ്യത സൃഷ്ടിക്കുന്നു. കേരളത്തിലെ ഈ പ്രത്യേക സാഹചര്യം കണക്കിലെടുത്തു കേന്ദ്ര സംസ്ഥാന സർക്കാരുകളുടേതായ വിവിധ സംരംഭകത്വ പ്രോത്സാഹന പദ്ധതികളാണ് സംസ്ഥാനത്ത് ഇപ്പോൾ നടന്നുവരുന്നത്. ഭക്ഷ്യസംസ്കരണ മേഖലയിൽ ഓരോ ജില്ലകൾക്കും സാധ്യത ഉള്ള ഉത്പന്നങ്ങൾക്ക് ഒരു ജില്ല ഒരു ഉൽപ്പന്നം (One District One Product - ODOP) എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസംസ്ഥാന സർക്കാരുകൾ സബ്സിഡിയും നൽകി വരുന്നു.

**ആമുഖം**

വളരെയേറെ ചരിത്ര പ്രാധാന്യമുള്ള ജില്ലയാണ് കോഴിക്കോട്. കേരളത്തിന്റെ മധ്യ കാലഘട്ടത്തിലെ ചരിത്ര രേഖകളിൽ സുഗന്ധ വ്യഞ്ജനങ്ങളുടെ പ്രധാന വ്യാപാര കേന്ദ്രങ്ങളിൽ ഒന്നായിരുന്നു കോഴിക്കോട്. ഈ കാലഘട്ടത്തിൽ സാമൂതിരി രാജവംശത്തിന്റെ ആസ്ഥാനവും, കാലാന്തരത്തിൽ ബ്രിട്ടീഷ് ഭരണത്തിൽ മലബാർ ജില്ലയുടെ ആസ്ഥാനവുമായി കോഴിക്കോട് മാറി. ജില്ലയിൽ 4 താലൂക്കുകളും 118 വില്ലേജുകളുമുണ്ട്. കൂടാതെ 12 ബ്ലോക്കുകൾ, 7 മുനിസിപ്പാലിറ്റികളും ഒരു കോർപ്പറേഷനും ഉൾപ്പെടുന്നു. വ്യവസായിക വളർച്ചയിൽ കേരളത്തിൽ വളരെ മുൻപന്തിയിൽ നിൽക്കുന്ന ജില്ലയാണ് കോഴിക്കോട്. ജില്ലയിൽ 12800ൽ പരം എംഎസ്എംഇ യൂണിറ്റുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ പ്രധാനപ്പെട്ട മേഖലകൾ ഭക്ഷ്യ സംസ്കരണം, ടെക്സ്റ്റൈൽസ് &റെഡിമെയ്ഡ്, മരവ്യവസായം, ചെരുപ്പു നിർമ്മാണം എന്നിവയാണ്. ജില്ലയിലെ വ്യവസായങ്ങളുടെ സ്ഥിതി വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| Total Units | 12871 |
| Micro | 12138 |
| Small | 719 |

| | |
|---|---|
| Medium | 12 |
| Large | 2 |
| Manufacturing | 6535 |
| Service | 6336 |
| Investment | 1276 Crore |
| Employment | 47457 |
| Male | 31436 |
| Female | 16021 |

**അടിസ്ഥാനസൗകര്യം**

നാഷണൽഹൈവേ, മികച്ചമറ്റുറോഡുകൾ, പൊതുഗതാഗതം, റെയിൽവേ കണക്ടിവിറ്റി, ഉൾനാടൻ ജലഗതാഗതം, ബേപ്പൂർ ഹാർബർ മുതലായവ കോഴിക്കോട് ജില്ലയിൽ വ്യവസായ അനുകൂല ഘടകങ്ങളാണ്

**അസംസ്കൃതവസ്തുക്കളുടെലഭ്യത**

നെല്ല്, മരച്ചീനി, വാഴപ്പഴം, നാളികേരം, സുഗന്ധവ്യഞ്ജനങ്ങൾ, റബ്ബർ, ഫലവര്ഗങ്ങൾ, തുടങ്ങിയവിളകൾ, കന്നുകാലിവളർത്തൽ , കടൽ വിഭവങ്ങൾ, എന്നിവ ധാരാളമായി ഉള്ള ജില്ലയായതിനാൽ ഇത്തരം വിഭവങ്ങൾ അസംസ്കൃതവസ്തുക്കളായ സംരംഭങ്ങൾക്ക് സാധ്യത വളരെയധികമാണ്. മരത്തടി, മറ്റു വനവിഭവങ്ങൾ ലഭ്യമായതിനാൽ ഈ മേഖലയിൽ സംരംഭക സാധ്യത ഏറെയാണ്.

**പരിശീലനസ്ഥാപനങ്ങൾ**

1. മിനി ഇൻക്യൂബേഷൻ സെന്റർ, ജില്ലാ വ്യവസായ കേന്ദ്രം
2. RSETI ,
3. ഇന്ത്യൻഇൻസ്റ്റിറ്റ്യൂട്ട്ഓഫ്സ്പൈസ്റിസർച്ച്
4. എൻഐടി
5. ഐഐഎം
6. ULCCS ഇൻക്യൂബേഷൻസെന്റര്
7. ഇരിങ്ങൽക്രാഫ്റ്റ്വില്ലേജ്

8. കൃഷിവിജ്ഞാൻകേന്ദ്രം
9. സെന്റർ ഫോർ വാട്ടർ റിസോഴ്സ് മാനേജ്മന്റ് ആൻഡ് ഡവലപ്മെന്റ്
10. റീജിയണൽ അനാലിറ്റിക്കൽ ലാബ്
11. ഫുഡ്ക്രാഫ്റ്റ്ഇൻസ്റ്റിറ്റ്യൂട്ട്
12. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ച്
13. സെൻട്രൽമറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**പൊതുമേഖലാസ്ഥാപനങ്ങൾ**

മലബാർ സ്പിന്നിങ് ആൻഡ് വീവിങ് മിൽ, ബാംബൂ ടൈൽ ഫാക്ടറി, സ്റ്റീൽ കോംപ്ലക്സ്, കേരളാ സോപ്പ്, കേരളാ ഫീഡ്സ്, കിലബെൻ ഫുഡ്, വികെസി, പികെ സ്റ്റീൽ , ഇമേജ് ഗ്രാഫിക്സ് മുതലായ പൊതുമേഖലാസ്ഥാപനങ്ങളും വൻകിട സ്വകാര്യസ്ഥാപനങ്ങളും ഉള്ളതിനാൽ ധാരാളം അനുബന്ധസ്ഥാപനങ്ങൾക്ക് സാധ്യത കൂടുതലാണ്.

**ധനകാര്യസ്ഥാപനങ്ങൾ**

ജില്ലയിൽ പൊതുമേഖലയിലും സ്വകാര്യമേഖലയിലുമായി 440 ബാങ്ക് ബ്രാഞ്ചുകൾ നിലവിൽ പ്രവർത്തിക്കുന്നു. കൂടാതെ പഞ്ചായത്തുകളിലും 178 പ്രാഥമിക സഹകരണ ബാങ്കുകളും പ്രവർത്തിച്ചുരുന്നു .

ജില്ലയിലെ സംരംഭക സാധ്യതകൾ

**ഉല്പാദനമേഖല**

1. ഭക്ഷ്യസംസ്കരണം (സുഗന്ധവ്യഞ്ജനങ്ങൾ , വാഴപ്പഴം, നാളികേരം)
2. ഫുട്വയര്യവസായം
3. ഐസ്പ്ലാന്റ്
4. വസ്ത്രനിർമ്മാണം
5. എഞ്ചിനീയറിംഗ്വർക്ഷോപ്പുകൾ
6. മരാധിഷ്ഠിതവ്യവസായം,
7. പ്രിൻറിംഗ്
8. കളിമണ്ണ്ഉത്പന്നങ്ങൾ
9. ആയുർവേദ ഉത്പന്നങ്ങൾ

10. കരകൗശല ഉത്പന്നങ്ങൾ
11. അടക്ക ഉത്പന്നങ്ങൾ
12. ഇലക്ട്രോണിക്സ്
13. ഫാബ്രിക്കേഷൻ
14. പാലുല്പന്നങ്ങൾ
15. ബിൽഡിംഗ് മെറ്റീരിയൽസ്
16. ബിൽഡിംഗ് ഇന്റീരിയർ ഡിസൈനിംഗ്
17. ടയർ റീത്രെഡിങ് യൂണിറ്റുകൾ
18. കുപ്പിവെള്ളം / സോഡാനിർമ്മാണ യൂണിറ്റുകൾ
19. സമുദ്രോത്പന്നങ്ങൾ
20. റബ്ബർ ഉത്പന്നങ്ങൾ
21. പേപ്പർ ഉത്പന്നങ്ങൾ
22. ഐടി

**സേവനമേഖല**

1. ടൂറിസം
2. DTP - ഓൺലൈൻസർവീസ്സെന്ററുകൾ
3. മൊബൈൽഫോൺസർവീസ്സെന്ററുകൾ
4. ബ്യൂട്ടിപാർലറുകൾ
5. ഓട്ടോമൊബൈൽവർക്ഷോപ്പുകൾ
6. കമ്പ്യൂട്ടർ സർവ്വീസും വില്പനയും
7. റീപാക്കിങ്യൂണിറ്റുകൾ
8. ആയുർവേദം

# സംരംഭക സാധ്യതാ മേഖലകൾ

## വയനാട്

കേരളത്തിലെ വ്യവസായ സംരംഭങ്ങളിൽ അധികവും ഭക്ഷ്യ സംസ്കരണം, എഞ്ചിനീയറിംഗ്, റബ്ബർ, റെഡിമെയ്ഡ് വസ്ത്ര നിർമാണം, ആയുർവേദം, ഐ ടി, സേവന സംരംഭങ്ങൾ മുതലായ മേഖലകളിലാണ് കാണപ്പെടുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ സാന്നിദ്ധ്യവും നിലവാരമുള്ള മാനവവിഭവശേഷിയുടെ ലഭ്യതയും കേരളത്തിൽ പുതു തലമുറ നൂതന സംരംഭങ്ങൾ ധാരാളം ആരംഭിക്കുവാനുള്ള സാധ്യത സൃഷ്ടിക്കുന്നു. കേരളത്തിലെ ഈ പ്രത്യേക സാഹചര്യം കണക്കിലെടുത്തു കേന്ദ്ര സംസ്ഥാന സർക്കാരുകളുടേതായ വിവിധ സംരംഭകത്വ പ്രോത്സാഹന പദ്ധതികളാണ് സംസ്ഥാനത്ത് ഇപ്പോൾ നടന്നുവരുന്നത്. ഭക്ഷ്യസംസ്കരണ മേഖലയിൽ ഓരോ ജില്ലകൾക്കും സാധ്യത ഉള്ള ഉത്പന്നങ്ങൾക്ക് ഒരു ജില്ല ഒരു ഉൽപ്പന്നം (One District One Product - ODOP) എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസംസ്ഥാന സർക്കാരുകൾ സബ്സിഡിയും നൽകി വരുന്നു.

1980 നവംബർ 1 ന് വൈത്തിരി, മാനന്തവാടി, സുൽത്താൻബത്തേരി എന്നീ മൂന്നു താലൂക്കുകൾ ഉൾപ്പെടുന്ന വയനാട് ജില്ല നിലവിൽ വന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകൾ വ്യവസായിക പിന്നോക്ക ജില്ലയായി പ്രഖ്യാപിച്ച വയനാട് ജില്ലയിൽ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ മാത്രമാണ് നിലവിൽ ഉള്ളത്. ജില്ലയിലെ 3971 സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളിലായി ഏകദേശം 13200 ഓളം തൊഴിലവസരങ്ങൾ ഉണ്ടായിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ 2021 ഡിസംബർ 31 വരെ 209 സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ പുതുതായി ആരംഭിക്കുകയും 677 ഓളം തൊഴിലവസരങ്ങൾ ലഭ്യമായിട്ടുമുണ്ട്.

വയനാട്ടിൽ ഉൽപാദിപ്പിക്കപ്പെടുന്ന കാപ്പിയുടെ രുചിയും മണവും ലോകപ്രശസ്തമാണ്. മികച്ച ഗുണനിലവാരമാണ് ഈ ഉയർന്ന മലമടക്കുകളിൽ വളരുന്ന കാപ്പിക്ക്. വ്യവസായവകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ ആരംഭിച്ച ധാരാളം കോഫി പ്രോസസിംഗ് യൂണിറ്റുകൾ ജില്ലയിൽ പ്രവർത്തിച്ചു വരുന്നു. ജില്ലയിൽ പ്രവർത്തിക്കുന്ന വിവിധ റൈസ്

മില്ലുകളിലൂടെ വയനാട്ടിൽ ഉൽപാദിപ്പിക്കപ്പെടുന്ന തനി നെല്ലിനങ്ങളായ ഗന്ധകശാല, ജീരകശാല മുതലായവ സംസ്കരിച്ച് തനിമ നഷ്ടപ്പെടാതെ വയനാടൻ ബ്രാൻഡിൽ വിൽപ്പന നടത്തുന്നു. വിദേശ

മാർക്കറ്റുകൾ ഉൾപ്പടെ ഇവയ്ക്ക് നല്ല ഡിമാന്റുള്ളതിനാൽ ഇത്തരം യൂണിറ്റുകൾക്ക് ജില്ലയിൽ മികച്ച സാധ്യതകളാണുള്ളത്. സീസൺ സമയത്ത് ജില്ലയിൽ ചക്ക, മാങ്ങ, പാഷൻഫ്രൂട്ട് മുതലായ പഴവർഗ്ഗങ്ങൾ ധാരാളമായി ലഭിക്കുന്നുണ്ട്. ഇത്തരം പഴവർഗ്ഗങ്ങളിൽനിന്നും വിവിധ ഉൽപന്നങ്ങൾ നിർമ്മിക്കുന്ന ധാരാളം യുണിറ്റുകൾ വ്യവസായവകുപ്പിന്റെ സഹായത്തോടുകൂടി പ്രവർത്തിക്കുന്നുമുണ്ട്.

സംരംഭകത്വ സഹായ പദ്ധതി പ്രകാരം നിക്ഷേപക പ്രോത്സാഹനമായി 2020-21 സാമ്പത്തികവർഷത്തിൽ 113.27 ലക്ഷം രൂപ 23 യൂണിറ്റുകൾക്കും 2021-22 സാമ്പത്തികവർഷത്തിൽഡിസംബർ 31 വരെ 19 യൂണിറ്റുകൾക്കായി 90.28 ലക്ഷംരൂപയും ധനസഹായം നൽകിയിട്ടുണ്ട്.

**അടിസ്ഥാന സൗകര്യം**

മികച്ച റോഡുകൾ ,പൊതുഗതാഗതം, സ്ഥല ലഭ്യത മുതലായവ വയനാട് ജില്ലയിൽ വ്യവസായ അനുകൂല ഘടകങ്ങളാണ്.

അസംസ്കൃത വസ്തുക്കളുടെ ലഭ്യത

കാർഷിക ഉത്പന്നങ്ങൾ, കന്നുകാലിവളർത്തൽ, റബ്ബർ, വനവിഭവങ്ങൾ എന്നിവ ധാരാളമായി ഉള്ള ജില്ലയായതിനാൽ ഇത്തരം വിഭവങ്ങൾ അസംസ്കൃത വസ്തുക്കളായ സംരംഭങ്ങൾക്ക് സാധ്യത വളരെ അധികമാണ്.

**പരിശീലന സ്ഥാപനങ്ങൾ**

1. DIC
2. RSETI
3. KVK
4. Regional Agricultural Research Station

**വൻകിട പൊതു - സ്വകാര്യ മേഖല സ്ഥാപനങ്ങൾ**

Ashiqe Chemicals and Cosmetics, Bio Land Agro Processing Centre, CBM Enterprises മുതലായവൻകിട പൊതു - സ്വകാര്യ മേഖല സ്ഥാപനങ്ങൾ ഉള്ളതിനാൽ ധാരാളം അനുബന്ധസ്ഥാപനങ്ങൾക്ക്

സാധ്യത കൂടുതലാണ്

**ധനകാര്യ സ്ഥാപനങ്ങൾ**

ജില്ലയിൽ പൊതുമേഖലയിലും സ്വകാര്യമേഖലയിലുമായി 221 ബാങ്ക് ബ്രാഞ്ചുകൾ നിലവിൽ പ്രവർത്തിക്കുന്നു. കൂടാതെ എല്ലാ പഞ്ചായത്തുകളിലും പ്രാഥമിക സഹകരണബാങ്കുകളും പ്രവർത്തിച്ചു വരുന്നു.

**ജില്ലയിലെസംരംഭകസാധ്യതകൾ**

**ഉല്പാദനമേഖല**

1. ഭക്ഷ്യസംസ്കരണം
2. തേയില, കാപ്പി
3. സുഗന്ധവ്യഞ്ജനങ്ങൾ
4. വസ്ത്രനിർമ്മാണം
5. എഞ്ചിനീയറിംഗ്വർക്ഷോപ്പുകൾ
6. മരാധിഷ്ഠിതവ്യവസായം,
7. പ്രിൻറിംഗ്
8. കരകൗശലഉത്പന്നങ്ങൾ
9. ഫാബ്രിക്കേഷൻ
10. പാലുല്പന്നങ്ങൾ
11. റബ്ബർ ഉത്പന്നങ്ങൾ
12. ബിൽഡിംഗ്മെറ്റീരിയൽസ്
13. കാലിത്തീറ്റ
14. ടയർറീട്രെഡ്ഡിങ്യൂണിറ്റുകൾ
15. കുപ്പിവെള്ളം / സോഡാനിർമ്മാണയൂണിറ്റുകൾ
16. വനവിഭവങ്ങൾ
17. പുൽത്തൈലം

**സേവനമേഖല**

1. ടൂറിസം
2. DTP - ഓൺലൈൻസർവീസ്സെന്ററുകൾ
3. മൊബൈൽഫോൺസർവീസ്സെന്ററുകൾ

4. ബ്യൂട്ടിപാർലറുകൾ
5. ഓട്ടോമൊബൈൽവർക്ഷോപ്പുകൾ
6. കമ്പ്യൂട്ടർസെർവീസുംവില്പനയും
7. ലോജിസ്റ്റിക്സ് സപ്ലൈചെയിൻമാനേജ്മന്റ്
8. റീ പാക്കിങ്ങ് യൂണിറ്റുകൾ
9. ആയുർവേദം

# സംരംഭക സാധ്യതാ മേഖലകൾ

## കണ്ണൂർ

കേരളത്തിലെ വ്യവസായ സംരംഭങ്ങളിൽ അധികവും ഭക്ഷ്യ സംസ്കരണം, എഞ്ചിനീയറിംഗ്, റബ്ബർ, റെഡിമെയ്ഡ് വസ്ത്ര നിർമാണം, ആയുർവേദം, ഐ ടി, സേവന സംരംഭങ്ങൾ മുതലായ മേഖലകളിലാണ് കാണപ്പെടുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ സാന്നിദ്ധ്യവും നിലവാരമുള്ള മാനവവിഭവശേഷിയുടെ ലഭ്യതയും കേരളത്തിൽ പുതു തലമുറ നൂതന സംരംഭങ്ങൾ ധാരാളം ആരംഭിക്കുവാനുള്ള സാധ്യത സൃഷ്ടിക്കുന്നു. കേരളത്തിലെ ഈ പ്രത്യേക സാഹചര്യം കണക്കിലെടുത്തു കേന്ദ്ര സംസ്ഥാന സർക്കാരുകളുടേതായ വിവിധ സംരംഭകത്വ പ്രോത്സാഹന പദ്ധതികളാണ് സംസ്ഥാനത്ത് ഇപ്പോൾ നടന്നുവരുന്നത്. ഭക്ഷ്യസംസ്കരണ മേഖലയിൽ ഓരോ ജില്ലകൾക്കും സാധ്യത ഉള്ള ഉത്പന്നങ്ങൾക്ക് ഒരു ജില്ല ഒരു ഉൽപ്പന്നം (One District One Product - ODOP) എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസംസ്ഥാന സർക്കാരുകൾ സബ്സിഡിയും നൽകി വരുന്നു.

കേരളത്തിന്റെ വ്യവസായ ഭൂപടത്തിൽ കണ്ണൂർ ജില്ലക്ക് ഇന്ന് ഗണനീയമായ സ്ഥാനമുണ്ട്. തുണി, വസ്ത്രനിർമാണം, ഭക്ഷ്യസംസ്കരണം, കെട്ടിടനിർമാണസാമഗ്രികൾ, പ്ലാസ്റ്റിക്, എൻജിനീയറിങ്, മാരാധിഷ്ഠിത വ്യവസായങ്ങൾ, പ്ലൈവുഡ്, കുപ്പിവെള്ളം, പേപ്പർ ഉത്പന്നങ്ങൾ, അച്ചടി, ടൂറിസം, മൽസ്യസംസ്കരണം, ടെക്സ്റ്റയിൽസ്, ഐ.ടി എന്നീ ആധുനികമേഖലകളും, കൈത്തറി, കയർ, ഖാദി, വെങ്കലഉത്പന്നങ്ങൾ, കളിമൺ തുടങ്ങിയ പരമ്പരാഗത മേഖലയും ജില്ലയിൽ ശ്രദ്ധേയമായി പ്രവർത്തിക്കുന്നു. കണ്ണൂർ കൈത്തറി ലോകശ്രദ്ധയാകർഷിച്ച ഉല്പന്നമാണ്. കണ്ണൂർ ഹോം ഫർണിഷിങ് ഉത്പന്നങ്ങൾക്ക് ഭൗമസൂചിക സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. കൃഷി കഴിഞ്ഞാൽ ഏറ്റവും കൂടുതൽ തൊഴിൽ നൽകുന്ന മേഖല സൂക്ഷമ, ചെറുകിട, ഇടത്തരം, വ്യവസായമേഖലയാണ്. ഇത് കൂടാതെ ചില പൊതുമേഖലാസ്ഥാപനങ്ങളും ജില്ലയിൽപ്രവർത്തിക്കുന്നു. അഴീക്കൽ തുറമുഖം, കണ്ണൂർ എയർപോർട്ട് എന്നിവയുടെ വരവോടുകൂടി ലോകവ്യവസായികഭൂപടത്തിൽ പാദമുദ്രപതിപ്പിക്കുവാൻ ഒട്ടേറെ സാദ്ധ്യതകളുള്ള ജില്ലയായി കണ്ണൂർ മാറിക്കഴിഞ്ഞിരിക്കുന്നു.

**അടിസ്ഥാന സൗകര്യം**

നാഷണൽ ഹൈവേ, മികച്ച മറ്റു റോഡുകൾ, പൊതുഗതാഗതം റെയിൽവേ കണക്റ്റിവിറ്റി, എയർപോർട്ട്, തുറമുഖം, ഉൾനാടൻ

ജലഗതാഗതം, ഹാർബർ മുതലായവ കണ്ണൂർ ജില്ലയിൽ വ്യവസായ അനുകൂലഘടകങ്ങളാണ്.

### അസംസ്കൃത വസ്തുക്കളുടെ ലഭ്യത

നെല്ല്, വാഴപ്പഴം, നാളികേരം, സുഗന്ധവ്യഞ്ജനങ്ങൾ,കരിമ്പ്,തുടങ്ങിയവിളകൾ, കന്നുകാലിവളർത്തൽ, കടൽ വിഭവങ്ങൾ, എന്നിവ ധാരാളമായി ഉള്ള ജില്ലയായതിനാൽ ഇത്തരംവിഭവങ്ങൾ അസംസ്കൃതവസ്തുക്കളായ സംരംഭങ്ങൾക്ക് സാധ്യത വളരെ അധികമാണ്.

### പരിശീലന സ്ഥാപനങ്ങൾ

1. മിനിഇൻക്യൂബേഷൻ സെന്റർ,ജില്ലാ വ്യവസായ കേന്ദ്രം
2. RSETI
3. വീവേഴ്സ്സർവീസ്സെന്റർ്കണ്ണൂർ
4. ടെക്സ്റ്റിൽസ്കമ്മിറ്റികണ്ണൂർ
5. പൗർലൂംസർവീസ്സെന്റർ്കണ്ണൂർ
6. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട്ഓഫ്ഹാൻഡ്ലൂംടെക്നോളജി
7. നാഷണൽ ഹാൻഡ്ലൂംടെവേലോപ്മെന്റ്കോര്പോലെഷൻ
8. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട്ഓഫ്ഫാഷൻ ടെക്നോളജി
9. കൃഷിവിജ്ഞാൻ കേന്ദ്രം
10. റുഡ്സെറ്
11. ടെക്നോലോഡ്ജ്

### പൊതുമേഖലാ സ്ഥാപനങ്ങൾ

കെൽട്രോൺ, കേരളാ ക്ലേയ്സ് ആൻഡ് സെറാമിക്സ് പ്രോഡക്ട് ലിമിറ്റഡ്, സ്റ്റീൽ ഇൻഡസ്ട്രീസ് കേരളാ ലിമിറ്റഡ്, ദി കാനന്നൂർ കോ ഓപ്പറേറ്റീവ് സ്പിന്നിങ് മിൽ, ഹാൻവീവ്, ഹാൻടെക്സ്, ട്രാക്കോ കേബ്ൾസ്, കേരളാ കാഷ്യൂ ടെവേലോപ് മെൻറ് കോർപറേഷന്, കാംകോ, ഹൈടെക്ക് വീവിങ് മിൽ, ദിനേശ് ബീഡി കോപ്പറേറ്റീവ് സൊസൈറ്റി, റായ്ഡ്കോ, റബ്കോ, പീക്കോസ്, കണ്ണൂർ കയർ മാറ്റ്സ് ആൻഡ് മാറ്റിങ്സ്, മുതലായ പൊതുമേഖലാസ്ഥാപനങ്ങളും വൻകിട സ്വകാര്യ സ്ഥാപനങ്ങളും സഹകരണസ്ഥാപനങ്ങളും ഉള്ളതിനാൽ ധാരാളം അനുബന്ധസ്ഥാപനങ്ങൾക്ക് സാധ്യതകൂടുതലാണ്.

### ധനകാര്യ സ്ഥാപനങ്ങൾ

ജില്ലയിൽ പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമായി 472 ബാങ്ക്

ബ്രാഞ്ചുകൾ നിലവിൽ പ്രവർത്തിക്കുന്നു. കൂടാതെ പഞ്ചായത്തുക ളിൽ 138 പ്രാഥമിക സഹകരണ ബാങ്കുകളും പ്രവർത്തിച്ചുവരുന്നു.

### ജില്ലയിലെസംരംഭകസാധ്യതകൾ

**ഉല്പാദനമേഖല**

1. ഭക്ഷ്യസംസ്കരണം (നെല്ല്, മാങ്ങ, ചക്ക, വാഴപ്പഴം, നാളികേരം)
2. ഐസ്പ്ലാന്റ്
3. വസ്ത്രനിർമ്മാണം - ഫാഷൻ ഡിസൈൻ
4. കളിമണ്ണ്ഉത്പന്നങ്ങൾ
5. എഞ്ചിനീയറിംഗ്വർക്ഷോപ്പുകൾ
6. മരാധിഷ്ഠിതവ്യവസായം,
7. പ്രിൻറിംഗ്
8. പ്ലാസ്റ്റിക്വ്യവസായം
9. പ്ലൈവുഡ്
10. കയർ
11. കൈത്തറി
12. ഖാദി
13. വെങ്കലഉത്പന്നങ്ങൾ
14. ഹോംഫർണിഷിങ്ഉത്പന്നങ്ങൾ
15. ആയുർവേദഉത്പന്നങ്ങൾ
16. കരകൗശലഉത്പന്നങ്ങൾ
17. അടക്കഉത്പന്നങ്ങൾ
18. ഇലക്ട്രോണിക്സ്
19. ഫാബ്രിക്കേഷൻ
20. പാലുല്പന്നങ്ങൾ
21. ബിൽഡിംഗ്മെറ്റീരിയൽസ്
22. ബിൽഡിംഗ്ഇന്റീരിയർ ഡിസൈൻ
23. ടയർ റീട്രെഡിങ്യൂണിറ്റുകൾ
24. കുപ്പിവെള്ളം / സോഡാനിർമ്മാണയൂണിറ്റുകൾ
25. ഓട്ടോമൊബൈൽ വർക്ഷോപ്പുകൾ
26. സമുദ്രോത്പന്നങ്ങൾ
27. പേപ്പർ ഉത്പന്നങ്ങൾ
28. ഐ ടി

**സേവനമേഖല**

1. ടൂറിസം
2. DTP - ഓൺലൈൻ സർവീസ്സെന്ററുകൾ
3. മൊബൈൽ ഫോൺ സർവീസ്സെന്ററുകൾ
4. ബ്യൂട്ടിപാർലറുകൾ
5. കമ്പ്യൂട്ടർസെർവീസും‌വില്പനയും
6. ലോജിസ്റ്റിക്സ് സപ്ലൈചെയിൻമാനേജ്മന്റ്
7. റീപാക്കിങ് യൂണിറ്റുകൾ

# സംരംഭക സാധ്യതാ മേഖലകൾ

## കാസർഗോഡ്

കേരളത്തിലെ വ്യവസായ സംരംഭങ്ങളിൽ അധികവും ഭക്ഷ്യ സംസ്കരണം, എഞ്ചിനീയറിംഗ്, റബ്ബർ, റെഡിമെയ്ഡ് വസ്ത്ര നിർമാണം, ആയുർവേദം, ഐ ടി, സേവന സംരംഭങ്ങൾ മുതലായ മേഖലകളിലാണ് കാണപ്പെടുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ സാന്നിദ്ധ്യവും നിലവാരമുള്ള മാനവവിഭവശേഷിയുടെ ലഭ്യതയും കേരളത്തിൽ പുതു തലമുറ നൂതന സംരംഭങ്ങൾ ധാരാളം ആരംഭിക്കുവാനുള്ള സാധ്യത സൃഷ്ടിക്കുന്നു. കേരളത്തിലെ ഈ പ്രത്യേക സാഹചര്യം കണക്കിലെടുത്തു കേന്ദ്ര സംസ്ഥാന സർക്കാരുകളുടേതായ വിവിധ സംരംഭകത്വ പ്രോത്സാഹന പദ്ധതികളാണ് സംസ്ഥാനത്ത് ഇപ്പോൾ നടന്നുവരുന്നത്. ഭക്ഷ്യസംസ്കരണ മേഖലയിൽ ഓരോ ജില്ലകൾക്കും സാധ്യത ഉള്ള ഉത്പന്നങ്ങൾക്ക് ഒരു ജില്ല ഒരു ഉൽപ്പന്നം (One District One Product - ODOP) എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസംസ്ഥാന സർക്കാരുകൾ സബ്സിഡിയും നൽകി വരുന്നു.

വടക്കേയറ്റത്ത് സ്ഥിതി ചെയ്യുന്ന ജില്ലയായ കാസറഗോഡ് ജില്ല ഉത്തര കേരളത്തിൽ നിന്നും കർണാടകയിലേക്കുള്ള കവാടമാണ്. അതിനാൽ ഗണ്യമായ വ്യവസായ വികസന സാധ്യതകളാണ് നമ്മുടെ മുന്നിലുള്ളത്. ആവശ്യാനുസരണം ഭൂമിയും മറ്റു പ്രകൃതി വിഭവങ്ങളും കാസറഗോഡിന് സ്വന്തമാണ്. ഇവയെല്ലാം ചേരുമ്പോൾ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങളും അത്പോലെ മറ്റ് സംരംഭങ്ങളെയും ഒരുപോലെ പ്രോത്സാഹിപ്പിക്കുവാനും, അതിലൂടെ കാര്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിക്കും

**അടിസ്ഥാന സൗകര്യം**

മികച്ച റോഡുകൾ,പൊതുഗതാഗതം, റെയിൽവേ,മംഗലാപുരം തുറമുഖം, സ്ഥലലഭ്യത മുതലായവ കാസർഗോഡ് ജില്ലയിൽ വ്യവസായ അനുകൂല ഘടകങ്ങളാണ്.

**അസംസ്കൃത വസ്തുക്കളുടെ ലഭ്യത**

